

ശ്രദ്ധാഞ്ജലി പരമ്പര

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി

എഡിറ്റർ
കെ പി ജയകുമാർ

# ബാല വാങ്ങൾ

## പി ബാലചന്ദ്രന്റെ ചലച്ചിത്രജീവിതം

# ഉള്ളടക്കം

09 ജീവിതരേഖ

13 ആമുഖം
ബാലേട്ടൻ എന്ന പലമ
**കെ.പി. ജയകുമാർ**

## സിനിമ

28 ഇവൻ മേഘരൂപൻ; അഥവാ
തൊട്ടു... തൊട്ടില്ല... തൊട്ടു...
**അജു കെ. നാരായണൻ**

45 ഉള്ളടക്കം: മനസ്സിന്റെ ഒളിച്ചു കളികൾ
**ഹരിനാരായണൻ. എസ്**

52 (അ)ഭാവങ്ങളുടെ രാഷ്ട്രീയവും ശരീരഭാഷയും
**ഡോ. സിബു മോടയിൽ, ആൽവിൻ അലക്സാണ്ടർ**

64 കുടുംബം, സമൂഹം, കർതൃത്വം:
പി. ബാലചന്ദ്രന്റെ തിരക്കഥകൾ
**ഡോ. ഷീബ കുര്യൻ**

## ഓർമ്മ

86 ലളിതവും സുതാര്യവുമായ ഒരു ജീവിതം
**ദീപൻ ശിവരാമൻ**

96 സ്കൂളിലെ 'മാറാമറയാട്ട'ങ്ങൾ
**ഡോ. ഉമർ തറമേൽ**

107 ബാലചന്ദ്രൻ സാറേട്ടൻ!..
**അൻവർ അബ്ദുള്ള**

135 നാടകം കളിക്കുന്ന ലെറ്റേഴ്സ്
**ഡോ. സജിൻ പി.ജെ**

# ബാലചന്ദ്രൻ സാറേട്ടൻ!..

**അൻവർ അബ്ദുള്ള**

പി. ബാലചന്ദ്രൻ എന്ന പ്രതിഭാസവുമായി കണ്ടുമുട്ടുന്നതിനുമുന്നേതന്നെയായിരുന്നു അതുമായുള്ള കൂട്ടിമുട്ടൽ. അക്കാലമെന്നത്, ഞാൻ ഹൈസ്കൂളിൽ പഠിക്കുന്ന കാലം. വീട്ടിന്നെതിരെ, റോഡുകടന്നാൽ ഉള്ള ചെറുകെട്ടിടത്തിന്റെ പിൻമുറിയിൽ ജോർജ്, കൊച്ചുമോൻ തുടങ്ങിയ കൽപ്പണിക്കാർ ഇടുങ്ങിത്താമസിക്കുന്നുണ്ട്. അവരെല്ലാം കൊടും സിനിമാപ്രേമികൾ. മേശിരിപ്പണിക്കൂലിയിൽ ഒരു ശകലം ചെലവിടുന്നത് സിനിമാവാരികകൾ വാങ്ങാൻ. നാന, വെള്ളിനക്ഷത്രം തുടങ്ങിയവയെല്ലാം ആ ഇത്തിരിമുറിയിൽ കുനികൂടിക്കിടക്കും. എന്നും വൈകിട്ട് ആ മുറിയിലാണു തമ്പ്. സിനിമാവാരികവായനയാണു ലക്ഷ്യം. ആ വാരികകളിലാണ് പി. ബാലചന്ദ്രനെ കൂട്ടിമുട്ടുന്നത്; ഒരു പേരായി. മമ്മൂട്ടി നായകനാകുന്ന ഒരു സിനിമയുടെ ചില സൂചനകളാണ്, കൂട്ടത്തിൽ പി. ബാലചന്ദ്രനെന്നൊരാളാണു തിരക്കഥയെഴുതുന്നതെന്ന വിവരവുമായി അതിൽ കാണുന്നത്. വിജയ് ടെൻഡുൽക്കറുടെ ഒരു നാടകമോ മറ്റോ ആണ് ആധാരം. ഭാവിയിൽ തിരക്കഥാകൃത്തും



മോഹൻലാൽ, വേണു നാഗവള്ളി, നിർമ്മാതാവ് ആനന്ദ് എന്നിവർക്കൊപ്പം

സംവിധായകനുമാകുവാനുള്ള ഒരു ജീവിതമായിരുന്നു എന്റേത് അക്കാലത്ത്. അതിനാൽ, ഏറ്റവും പ്രധാനമായി നോക്കിയിരുന്നത് തിരക്കഥാകൃത്തുക്കളുടെയും സംവിധായകരുടെയും പേരുകളായിരുന്നു. ആ സിനിമ നടന്നില്ല; ബാലേട്ടന്റെ, പി. ബാലചന്ദ്രന്റെ പേര് തിരക്കഥാകൃത്തിന്റെ സ്ഥാനത്തു വരേണ്ടിയിരുന്ന മറ്റനേകം സിനിമകളും നടന്നില്ല. ഞാൻ തിരക്കഥാകൃത്തായതുമില്ല.

വൈകാതെ തിരക്കഥാകൃത്തായി അദ്ദേഹം രംഗപ്രവേശം ചെയ്തു. ആ രംഗപ്രവേശത്തിന്റെ ഗാഥകൾ സിനിമാവാരികപ്പാണന്മാർ പാടിനടന്നത് ഞാൻ വിടാതെ പിന്തുടർന്നിരുന്നു. അങ്ങനെ, കോട്ടയം അനുപമ തിയറ്ററിൽവച്ച് ആ കൂട്ടിമുട്ടൽ പ്രത്യക്ഷത്തിൽ നടന്നു. ഞാൻ കാണിക്കൂട്ടത്തിലും അദ്ദേഹം തിരശ്ശീലയിലും. *അങ്കിൾ ബൺ* എന്ന സിനിമയുടെ തിരക്കഥാ- വചനരചയിതാവായി പി. ബാലചന്ദ്രൻ എന്ന പേര് തിരശ്ശീലയിൽ തെളിയുന്നതിനു ഞാൻ സാക്ഷ്യം വഹിച്ചു. വർഷം 1991 - ഞാൻ സി.എം.എസ്. കോളജിൽ പ്രീഡിഗ്രി എക്കണോമിക്സ് വിദ്യാർത്ഥി. ആ സിനിമ കാണാൻ വീട്ടിൽ ഞാൻ നടത്തിയ ഒരു ചെറുമോഷണം മുറിവിൽ കത്തിമുനയോടിക്കുന്ന ഓർമയാണ്. ഒരുപക്ഷേ, ഞാൻ നടത്തിയ അവസാനത്തെ മോഷണം - അതു റി-ഇംപേഴ്സ് ചെയ്തുവെങ്കിലും നിഷ്ഫലമായത് എന്നെ ഇന്നും വേട്ടയാടുന്നു. പി. ബാലചന്ദ്രന്റെ ജീവിതം അദ്ദേഹത്തിന്റെ മാത്രം

ജീവിതമല്ല, എന്റെയീ കുഞ്ഞുമോഷണത്തിന്റെ കൂടി ജീവിതമാണ്.

ശരിയായ കണ്ടുമുട്ടൽ ഞാൻ സ്കൂൾ ഓഫ് ലെറ്റേഴ്സിൽ അവിടത്തെ ആദ്യബാച്ച് എം.എ. വിദ്യാർത്ഥിയായി 1997ൽ ചേരുമ്പോഴാണ്. അവിടെ, ഡി. വിനയചന്ദ്രനും വി.സി. ഹാരിസും പഠിപ്പിക്കുന്നതറിയാമായിരുന്നു. വിനയചന്ദ്രൻ അക്കാലത്ത് എനിക്കു ബാലചന്ദ്രൻ ചുള്ളിക്കാടു കഴിഞ്ഞാൽ ഹരമായിരുന്നു (ഇന്നും ചുള്ളിക്കാടു കഴിഞ്ഞേ ഹരങ്ങളുള്ളൂ).

ലെറ്റേഴ്സിൽ കവിടി വിനയചന്ദ്രനും (കവി ഡി. വിനയചന്ദ്രനെ ഞങ്ങൾ നല്ല സ്നേഹം തോന്നുമ്പോൾ കവിടി വിനയചന്ദ്രനെന്നും വല്ലാണ്ട് സ്നേഹം തോന്നുമ്പോൾ വിനുവെന്നും സംഭാഷണങ്ങളിൽ പരാമർശിച്ചിരുന്നു) വൈസ് ചാൻസലർ ഹാരിസിനും (ജന്മനാ വൈസ് ചാൻസലറായതുകൊണ്ട് തനിക്കു വൈസ് ചാൻസലറാകേണ്ട കാര്യമില്ലെന്ന് പറയുമായിരുന്നു, വി.സി. ഹാരിസ്) പുറമേ, പി. ബാലചന്ദ്രൻ എന്ന കഥ-തിരക്കഥ-സംഭാഷണകാരൻ കൂടിയുണ്ടെന്ന് അവിടെച്ചെന്നപ്പോഴാണു തെളിഞ്ഞറിഞ്ഞത്. അപ്പോഴേക്കും അദ്ദേഹത്തിന്റെ *ഉള്ളടക്കം, പവിത്രം, തച്ചോളി വർഗീസ് ചേകവർ, അഗ്നിദേവൻ, മാനസം* എന്നീ ചിത്രങ്ങൾ കൂടി വന്നുകഴിഞ്ഞിരുന്നു. *പവിത്രം* തിയറ്ററിൽ അക്കാലം ഓടിയില്ല. പിന്നീട്, ഇന്നൊരു കൾട്ട് നിലയിലേക്കുതു വന്നെങ്കിലും അന്നത് ഓടാഞ്ഞത് ബാലേട്ടനു ദോഷം ചെയ്തു. *തച്ചോളി വർഗീസ് ചേകവരാ*ണെങ്കിൽ നിലംപൊത്തി. അതിനു വലിയ കൂവൽ കിട്ടി. അതും അതിന്റെ എഴുത്തുകാരന്റെ വിലകുറച്ചു. *അഗ്നിദേവനും* വിജയം വരിച്ചില്ല. *മാനസം* നിലംതൊട്ടില്ല. ഇത്രയുമായതോടെ, പരാജിതനായ ഒരു തിരക്കഥാകൃത്തെന്ന മട്ടിൽ ബാലേട്ടൻ ഒതുക്കപ്പെട്ടു എന്നതാണ് വാസ്തവം. ഞങ്ങൾ ലെറ്റേഴ്സിൽ ചെല്ലുമ്പോൾ, സത്യത്തിൽ അദ്ദേഹത്തിനു തീർത്തും പടങ്ങളില്ല. *ഉള്ളടക്കത്തിന്റെ* വിജയം ബാലേട്ടനു ഗുണമേ ചെയ്തില്ല; അതിനു കാരണം വഴിയേ പറയാം.


ഈ പടങ്ങളെപ്പറ്റിയെല്ലാം ബാലേട്ടനുമായി സംസാരിച്ചിട്ടുണ്ട്. *തച്ചോളി വർഗീസ് ചേകവർ* ഇങ്ങനെയൊരു പടമേയായിരുന്നില്ല. പക്ഷേ, പലരുടെയും ഇടപെടലിലൂടെ അതിനെ രചനാപ

രമായി ഇങ്ങനൊരു അവലക്ഷണമാക്കാൻ അദ്ദേഹം നിർബന്ധിതനായി. *അങ്കിൾ ബൺ* ആവട്ടെ, സംവിധായകന്റെ തൽക്ഷണതോന്നലുകളുടെ ആധിക്യം കാരണം എന്തോ ചേലിലായതാണത്രേ! *അഗ്നിദേവനിൽ*, യഥാർത്ഥത്തിൽ അതിന്റെ സംവിധായകൻ വേണു നാഗവള്ളിക്ക് ബാലേട്ടനെ എഴുത്തിനു കൂട്ടാൻ താല്പര്യമേയില്ലായിരുന്നു. പക്ഷേ, *സുഖമോ ദേവിയും സർവകലാശാലയും ലാൽസലാമും* *ഏയ്* ഓട്ടോയും എഴുതി സംവിധാനം ചെയ്ത് സൂപ്പർ ബമ്പർ ഹിറ്റാക്കിയ വേണു നാഗവള്ളി, മോഹൻലാലിനെ സൂപ്പർ താരമായി വളരുന്നതിൽ നല്ലൊരു പങ്കുവഹിച്ച അദ്ദേഹം, *കിഴക്കുണരും* പക്ഷിയിൽ വീണുപോയി. പിന്നാലെ മമ്മൂട്ടിയെവച്ച് *ആയിരപ്പറ* ചെയ്തെങ്കിലും അത് നൂറുപറകേറിയില്ല. വീണ്ടും മോഹൻലാലിനെ വച്ച് *കളിപ്പാട്ട*മൊരുക്കിയെങ്കിലും അതും തലയുംകുത്തിവീണു. അതിനാൽ, മോഹൻലാൽ *അഗ്നിദേവന്റെ* കാര്യം വന്നപ്പോൾ, എഴുത്തിൽ തനിക്കു നല്ല വിശ്വാസം വന്നിട്ടുള്ള പി. ബാലചന്ദ്രനെക്കൂടെ കൂടെക്കൂട്ടാൻ വാശിപിടിക്കുകയായിരുന്നത്രേ! സത്യത്തിൽ *ഉള്ളടക്കം*, *പവിത്രം* എന്നീ തിരക്കഥകളുടെ കെട്ടുറപ്പ് മോഹൻലാൽ എന്ന നടനിൽ ബാലചന്ദ്രൻ എന്ന തിരക്കഥാകൃത്തിനെപ്പറ്റി അഗാധമായ മതിപ്പുളവാക്കിയിരുന്നു; ആ മതിപ്പ് വിശ്വാസവും സൗഹൃദവുമായി വളർന്നുനിന്നിരുന്നു എന്നതാണ് പി. ബാലചന്ദ്രന്റെ ബലങ്ങളിലൊന്ന്. മമ്മൂട്ടിയുമായും അതേ സ്നേഹബന്ധമുണ്ടായിരുന്നുവെന്നതാണ് മറ്റൊരു രസം. താൻ ആദ്യം പേനയെടുത്തത് എനിക്കുവേണ്ടിയാണുകേട്ടോ എന്നു ബാലചന്ദ്രൻ സാറിനോടു മമ്മൂട്ടി നിരന്തരം പറയാറുണ്ടായിരുന്നത്രേ; അങ്ങനൊരു സിനിമയുണ്ടായതേയില്ലെങ്കിലും. കുറേക്കാലമായി മമ്മൂട്ടിയുടെ മിക്ക ചിത്രങ്ങളിലും, അഭിനേതാവായ പി. ബാലചന്ദ്രന് ഒരു വേഷം ഉണ്ടായിരുന്നു. അതിൽ മമ്മൂട്ടിയുടെ താല്പര്യവും പ്രതിഫലിച്ചിരുന്നു.

തിരക്കഥാകൃത്തെന്ന നിലയിൽ 1991 മുതൽ 1997 ആറുവർഷങ്ങളിൽ ആറു തിരക്കഥകൾ. പിന്നെയുള്ള 23 വർഷങ്ങൾക്കിടയിൽ ശരാശരി അഞ്ചു വർഷങ്ങളുടെ ഇടവേളയിൽ അഞ്ചു തിരക്കഥകൾ; അതിലൊരു സംവിധായകക്കുപ്പായമണിയലും. തീർന്നു, ബാലേട്ടന്റെ സിനിമാ എഴുത്ത്; തീർന്നോ? പൂർത്തിയായിട്ടും

ഷൂട്ട് ചെയ്തിട്ടും ഇല്ലാതെ പോയ സിനിമകൾ, പൂർത്തീകരണത്തിന്റെ പല ഘട്ടങ്ങളിൽ നിലച്ചുപോയ സിനിമകൾ. ഇതൊക്കെ ഏതു രചയിതാവിനും കാണും. എങ്കിലും ബാലേട്ടന്റെ കാര്യത്തിൽ അവ വേദനയുണർത്തി ഇല്ലായ്മയുടെ ഉണ്മയായി നിൽക്കുന്നു. മമ്മൂട്ടിക്കായി എഴുതിയ ആദ്യചിത്രത്തിനുശേഷം, ഒരു കഥയുമായി ടി.കെ.രാജീവ്കുമാറും പി. ബാലചന്ദ്രനും കുറേ നടന്നിട്ടുണ്ട്. അതൊരു ഫാന്റസി സിനിമയായിരുന്നു. അതിന്റെ സകലപണികളും തീർന്ന ഘട്ടത്തിലാണ് അറിയുന്നത് മറ്റൊരു പി. ഇനിഷ്യലുകാരനായ പത്മരാജൻ ഏതാണ്ടതേ ഫാന്റസി പരിവട്ടത്തിൽ ഒരു സിനിമയൊരുക്കുകയാണ്. എങ്കിൽ, അതു റിലീസു ചെയ്തു കണ്ടിട്ടാകാം തങ്ങളുടെ സിനിമയുടെ മുന്നോട്ടുപോക്ക് എന്നായി ബാലരാജീവന്മാരുടെ ആലോചന. അങ്ങനെ ആ ചിത്രം വന്നു; *ഞാൻ ഗന്ധർവൻ*. സിനിമ കണ്ടിറങ്ങിയപ്പോൾ ബാലചന്ദ്രനും രാജീവ് കുമാറും തങ്ങളുടെ ആശയം പൂർണ്ണമായും ഉപേക്ഷിച്ചു; അത്രയ്ക്കു സാമ്യമുണ്ടായിരുന്നു ആ സിനിമയ്ക്ക് അവരുടെ എഴുതിത്തീരാറായ തിരക്കഥയുമായി. ഇതേ പത്മരാജൻ സമാനമായ ഒരു ഫാന്റസി കഥ ടി.കെ. രാജീവ് കുമാറിന്റെ തട്ടകമായിരുന്ന നവോദയയ്ക്കുവേണ്ടി മുൻപെഴുതിയിരുന്നു; ഒരു കുട്ടിച്ചാത്തന്റെ കഥ. പക്ഷേ, ആ കഥയ്ക്കു പകരം നവോദയ ചെയ്തത് രഘുനാഥ് പലേരിയുടെ തിരക്കഥയിൽ *മൈ ഡിയർ കുട്ടിച്ചാത്തനാ*യിരുന്നു.

പൂർത്തിയായ സിനിമ പെട്ടിയിലായിപ്പോയ അനുഭവം ധാരാളം തിരക്കഥാകൃത്തുക്കൾക്കും സംവിധായകർക്കും ഉണ്ടായിരിക്കാം. എന്നാൽ, പൂർത്തിയായ സിനിമ ആവിയായിപ്പോയ അനുഭവം ഒരുപക്ഷേ, പി. ബാലചന്ദ്രന്റെ മാത്രമായിരിക്കാം; അതാണ് *ഹരിചന്ദനം* എന്ന സിനിമ. എം.പി.സുകുമാരൻ നായരുടെ *അപരാഹ്നം* ആദ്യമായി ക്യാമറ ചെയ്യുകയായിരുന്ന അശ്വിനി കൗൾ കുറേഭാഗത്തോളം എക്സ്പോസ് ചെയ്യാതെ പോയതായൊരു കേട്ടുകേൾവിയുണ്ട്. അതുപോലെ, സാക്ഷാൽ ഫ്ളാഹർട്ടി മുതൽ ജെ.സി. ഡാനിയൽ വരെയുള്ളവരുടെ ഫിലിം റോൾ ചാരമായിപ്പോയതും സത്യവും ചരിത്രകഥയുമായിരിക്കുന്നു. ടി.വി.ചന്ദ്രന്റെ *കൃഷ്ണൻകുട്ടി*യെന്ന ചിത്രം കൈവളകളായിമാറിയ ചരിത്രമാണ് അദ്ദേഹംതന്നെ *ആടുംകൂത്തിൽ* രേഖപ്പെടുത്തിയത്.



കമ്മട്ടിപ്പാടത്തിൽ ദുൽഖറിനൊപ്പം

അതൊക്കെയുണ്ടാകാം. എന്നാൽ, പി. ബാലചന്ദ്രന്റെ അനുഭവം വ്യത്യസ്തമാണ്.

സ്കൂൾ ഓഫ് ഡ്രാമയിലെ അദ്ദേഹത്തിന്റെ കൂട്ടുകാരാണ് സംവിധായകർ വി.എം.വിനുവും രഞ്ജിത്തും ശ്യാമപ്രസാദും. ഇതിൽ വിനുവും ശ്യാമപ്രസാദും ബാലേട്ടന്റെ മേൽഗതിക്ക് വല്ലതുമൊക്കെ ചെയ്യാൻ ത്വരിച്ചിട്ടുള്ളവരാണ്. രഞ്ജിത്താണെങ്കിൽ, അദ്ദേഹം അഭിനേതാവായി മാറിയപ്പോൾ, മികച്ച ചില വേഷങ്ങളും നല്കി. ഇക്കൂട്ടത്തിൽ വി.എം. വിനുവുമായിച്ചേർന്ന് അദ്ദേഹം ഒരു സിനിമ ചെയ്തതാണ് ഹരിചന്ദനം. അമരവും ലാൽസലാമും വന്ന് മുരളി മലയാളികളുടെ പ്രിയങ്കരനായിമാറിയ കാലമാണ്. മുരളിയെ നായകനാക്കിയാണ് ഹരിചന്ദനമൊരുക്കിയത്. ബാലേട്ടന്റെ വാക്കുകളിൽ പറഞ്ഞാൽ, ഒരു കിണ്ണം കാച്ചിയ തിരക്കഥ; വന്നിരുന്നെങ്കിൽ മികച്ച അഭിപ്രായം നേടാമായിരുന്ന സംഭവം. ഷൂട്ടിംഗ് ദ്രുതഗതിയിൽ പുരോഗമിക്കുന്നു. ഒന്നിനും ഒരു തട്ടും തടവുമില്ല. പക്ഷേ, ഷൂട്ടിംഗ് തീർന്നപ്പോൾ, റഷസില്ല. അക്കാലം, ഫിലിമിൽ ഷൂട്ടു ചെയ്യുന്നതിനാൽ, ദിനംപ്രതി വരുന്ന എക്സ്പോസ്ഡ് ഫിലിം ശീതികൃതമുറിയിൽ, കഴിയുമെങ്കിൽ ലാബിലോ സ്റ്റുഡിയോയിലോ തന്നെ സൂക്ഷിക്കണം. പക്ഷേ, ആ പടത്തിന്റെ നിർമാണവശത്തുള്ള ഒരാൾ എന്തിനത്ര പണം വെറുതെ കളയണം എന്ന സദുദ്ദേശ്യത്തോടെ എക്സ്പോസ്ഡ് ഫിലിം എ.സി.യില്ലാത്ത തന്റെ ഹോട്ടൽമുറിയിൽ ലളിതവും സു

ദ്രവ്യമായി സൂക്ഷിച്ചത്രേ. സംഗതി കാറ്റുകൊണ്ടുപോയി എന്നു പറഞ്ഞാൽ മതിയല്ലോ (ഇതെല്ലാം ബാലേട്ടൻ പലപ്പോഴായി സരസം വർണ്ണിച്ച കഥകൾ/ ചരിത്രം ആണ്).

അതിനുശേഷവും ഒട്ടേറെ തിരക്കഥകൾ ബാലേട്ടൻ എഴുതി സിനിമയാകാതെ പോയിട്ടുണ്ട്. 2009ൽ ആണ്, ഒരു തിരിച്ചുവരവ്/ ഒരു പുതിയ തുടക്കം മോഹിച്ച് ബാലേട്ടൻ ഒരു തിരക്കഥയെഴുതി. *കിളിക്കൂട്* എന്നാണതിനു പേരിട്ടിരുന്നത്. എന്നെയും മറ്റൊരു എം.എം. വിദ്യാർത്ഥി രതീഷിനെയും വിളിച്ചിരുത്തി അതു മുഴുവൻ വായിച്ചുകേൾപ്പിച്ചു (തിരക്കഥ വായിച്ചുകേൾപ്പിക്കാൻ ബാലേട്ടനു വലിയ ഇഷ്ടമാണ്. എത്ര തവണ വേണമെങ്കിലും ഇരുന്നു വായിക്കും). വി.സി. ഹാരിസിനെയും അതു വായിച്ചു കേൾപ്പിച്ചിട്ടുണ്ട്. ഞങ്ങൾ മൂവരും സംഭവം കലക്കനാണെന്നു പറഞ്ഞു. ബാലേട്ടന്റെ ഐഡിയ അക്കാലത്ത് അല്പം വ്യത്യസ്തമായ ഒരു പദ്ധതിയായിരുന്നു. അക്കാലത്ത് സമ്പൂർണ്ണതിരക്കഥയായിട്ട് സിനിമാലോചന തുടങ്ങുന്ന രീതിയില്ല. കഥയുമായി ഒരാൾ വന്ന് സംവിധായകനുമായി മല്ലിട്ട് അതിന് അന്തിമരൂപം നൽകുന്നു. പിന്നെ, തിരക്കഥയിലേക്കു കടക്കുന്നതോടെ സംവിധായനുമായി ഗാട്ടാഗുസ്തിയും നിർമാതാവ്, അയാളുടെ ശിങ്കിടികൾ എന്നിവരുമായി കൊമ്പുകോർക്കലും വെല്ലുവിളിയും മുക്കറയും എല്ലാം നടത്തി, ഒരു തിരക്കഥയാക്കും. അതുമായി നടന്റെ ഇഷ്ടോം ശീലോം ഒപ്പിച്ച് മാറ്റങ്ങളും വരുത്തി, ഒരുവിധം ഷൂട്ടുതുടങ്ങും. പിന്നെ, അടിയോടടിയുമായി തിരുത്തോടു തിരുത്തും വെട്ടുംകുത്തും റാത്തീബുമായി അതു സിനിമയാകും; എഴുത്തുകാരൻ പഞ്ചറാകും. ബാലേട്ടൻ ചിന്തിച്ചത്, പൂർണ്ണമായി എഴുതിയ തിരക്കഥ, തന്നിൽ വിശ്വാസമുള്ള മോഹൻലാലെന്ന സൂപ്പർതാരത്തെ മാത്രം വായിച്ചുകേൾപ്പിക്കുന്നു. പിന്നെല്ലാം മോഹൻലാൽ തീരുമാനിക്കുന്നതുപോലെ. മനസ്സിരുത്തിയറിഞ്ഞാൽ, ആ തിരക്കഥ മോഹൻലാൽ തള്ളില്ലെന്നും അതു പി. ബാലചന്ദ്രനെന്ന തിരക്കഥാകൃത്തിന്റെ വിജയോദയമായിത്തീരുമെന്നും അദ്ദേഹം ഉറച്ചുവിശ്വസിച്ചു.

അങ്ങനെ ബാലേട്ടൻ ഞങ്ങൾ മൂവർ മാത്രമറിയെ, മോഹൻലാലിനെകാണാൻ പോയി. അതൊരു സിനിമാസെറ്റിലായിപ്പോയി. അവിടേക്ക് ബാലേട്ടൻ ഒട്ടും പ്രതീക്ഷിക്കാത്ത ഒരതിഥി

മോഹൻലാലിനെ കാണാനെത്തി. അയാളെപ്പോലുള്ളവർ അറിയാതെ വേണം ലാലുമായി സംഗമമെന്ന ബാലേട്ടൻ കരുതിയിരുന്നു. ഏതായാലും ബാലേട്ടൻ ലാലേട്ടനുമൊത്ത് ഒരുനാൾ കഴിഞ്ഞു. ഏറെ തമാശകൾ പങ്കുവച്ചു; സൗഹാർദ്ദസദിരിൽ ആനന്ദിച്ചു. പക്ഷേ, തിരക്കഥ വായിച്ചുകേൾപ്പിക്കൽ നടന്നില്ല. മോഹൻലാൽ ആ തിരക്കഥ താൻ വായിച്ചുകൊള്ളാമെന്നു പറഞ്ഞ് വാങ്ങിവച്ചു. ബാലേട്ടൻ മടങ്ങി. ഒരിക്കലും അതിന്മേൽ ഒരഭിപ്രായം മോഹൻലാൽ ബാലേട്ടനോടു പറഞ്ഞില്ല. അദ്ദേഹമൊരിക്കലും കിഴിഞ്ഞുചോദിച്ചുമില്ല. അപ്പോഴേക്കും പി. ബാലചന്ദ്രൻ എന്ന തിരക്കഥാകൃത്തിൽ മോഹൻലാൽ അർപ്പിച്ചിരുന്ന വിശ്വാസത്തിനു നേർമ വന്നിരിക്കാം. അല്ലെങ്കിൽ, ബാലേട്ടൻ സ്വയം വിശ്വസിപ്പിക്കാൻ ശ്രമിച്ചിരുന്നതുപോലെ, അപ്രതീക്ഷിതാതിഥികളും അസ്വാദികളും ചേർന്ന് മോഹൻലാലിനെ പിന്തിരിപ്പിച്ചിരിക്കാം. അല്ലെങ്കിൽ, കേവലം അതു വിട്ടുപോയതുമായിരിക്കാം. എന്തായാലും ആ പടമുണ്ടായില്ല; ഒരുപക്ഷേ, ആ തിരക്കഥയും അങ്ങനെ എന്നേക്കും നഷ്ടപ്പെട്ടിരിക്കാം. എന്തായാലും ബാലേട്ടന്റെ ആത്മവിശ്വാസത്തിനും മുന്നോട്ടുനീങ്ങാനുള്ള കുതിപ്പിനും അതു കടിഞ്ഞാണിട്ടു എന്ന് എനിക്ക് വ്യക്തിപരമായി അടുത്തറിയാം. പിന്നീടൊരിക്കലും ബാലേട്ടൻ, അദ്ദേഹമേതു കഥാപാത്രത്തെ ആലോചിക്കുമ്പോഴും മനസ്സിൽവരുന്ന രൂപമായ മോഹൻലാൽ എന്ന അതുല്യപ്രതിഭയ്ക്കുവേണ്ടി ഒരു സിനിമയെഴുതിയില്ലെന്നതാണു വാസ്തവം. വർഷങ്ങൾക്കുശേഷം ഒരിക്കൽക്കൂടി അദ്ദേഹം ഒരു തിരക്കഥയുമായി മോഹൻലാലിനെ സമീപിച്ചിട്ടുണ്ട്. *കിളിക്കൂട്* എന്ന അനുഭവത്തിനുശേഷം കൃത്യം ഒരു വ്യാഴവട്ടം അപ്പോഴേക്കും കഴിഞ്ഞിരുന്നു. ഞാൻ ലെറ്റേഴ്സിലെ വിദ്യാർത്ഥിയല്ലാതായിട്ടും അത്രയും കാലം കഴിഞ്ഞിരുന്നു. പക്ഷേ, ആ അനുഭവത്തിനും ബാലേട്ടന്റെ സവിശേഷതാല്പര്യംമൂലം ഞാൻ അടിമുടി വിധേയനായി. ആ തിരക്കഥയുടെ പേരാണ് മേഘരൂപൻ. പി. തന്നെ ഇനിഷ്യലായ മറ്റൊരുവൻ, അതിസാക്ഷാൽ പി. കുഞ്ഞിരാമൻ നായരുടെ ആത്മകഥ വീണ്ടും വായിക്കാനിടയായപ്പോൾ, ആ ജീവിതത്തിനു സിനിമയാകാൻ ആഴവും പരപ്പും ഓളവും തീരവുമുണ്ട് എന്നു ബാലേട്ടനുതോന്നി. ആ തോന്നൽ എന്നോടും പങ്കുവച്ചു. പിന്നെ, ആതെ

ഴുതാൻ ബാലേട്ടൻ ആദ്യമായി വീടോ ഹോട്ടൽമുറിയോ അല്ലാ
ത്തൊരു ഇടംതേടി. കുറേദിവസങ്ങൾക്കുശേഷം എന്നെ വിളിച്ചു.
എന്നിട്ടുപറഞ്ഞു.

- നീ വൈക്കത്തെ വീട്ടിലോട്ടൊന്നുവാ...

ഞാൻ ചെന്നപ്പോൾ, മുകൾനിലയിലെ മുറിയിലെത്തിച്ച്, കടലാ
സുകെട്ടെടുത്തു. *മേഘരൂപൻ* എന്ന തലക്കെട്ടുവായിച്ചു. എന്നിട്ടു
വിശദീകരിച്ചു.

- മൂകാംബികയ്ക്കു പോയി. അവിടെ ഒരു കൊച്ചുമുറിയിൽ ധ്യാനം
പോലിരുന്ന് രണ്ടുദിവസംകൊണ്ട് എഴുതിത്തീർത്തു. ഇത്ര
സുഖമായി, സ്വസ്ഥമായി ഇതിനുമുൻപ് ഒന്നും എഴുതിയിട്ടില്ല.
തട്ടും തടവുമില്ലാതെയെഴുതി. ഒഴുക്കുപോലെയിങ്ങുവന്നു. എഴുതി
ത്തീർത്തതിൽ വെട്ടും തിരുത്തും പോലുമില്ല. ഇത്രയും ആനന്ദം
അനുഭവിച്ച് ഒന്നും എഴുതിയിട്ടില്ല. ഇത്രയും ആനന്ദം എഴുതിക്ക
ഴിഞ്ഞിട്ടും ഒന്നിൽനിന്നും കിട്ടിയിട്ടുമില്ല.

ഒരുതരം ധ്യാനാത്മതയിലിരുന്ന് ബാലേട്ടനതു വായിച്ചു. അതേ
മനോഭാവത്തോടെയതു കേട്ടിരുന്നു. കവിയുടെ കാൽപ്പാടുകളി
ലെ വിഷാദകർമകാമയോഗിയായ ധൂർത്തകവി തെളിഞ്ഞുയ
ർന്നുമാഞ്ഞു. നാളമായിത്തെളിഞ്ഞ് ആളിപ്പടർന്ന് അടങ്ങിപ്പോ
യിട്ടും ജ്വാലയല്ല, പ്രകാശപ്പരപ്പ് അവശേഷിക്കുന്ന അനുഭവം
പോലെ. ഇത് മികച്ച സിനിമയാകുമെന്നുറപ്പിച്ച് അഭിപ്രായം
പറഞ്ഞു. പക്ഷേ, അല്പം കഴിഞ്ഞപ്പോൾ, ഞങ്ങൾ മൂർത്ത
യാഥാർത്ഥ്യങ്ങളെക്കുറിച്ച് സംസാരിക്കാൻ തുടങ്ങി. ആരെങ്കി
ലും അഭിനയിച്ചിട്ട് കാര്യമില്ല. മോഹൻലാൽ തന്നെ വരണം,
പി. കുഞ്ഞിരാമൻ നായരെക്കുറിക്കുന്ന മാധവൻ നായരെന്ന ഉദാ
സീനപഥികനായി. അതുമാത്രമല്ല, കുഞ്ഞിരാമൻ നായരുടെ
എഴുത്തിലില്ലാത്തതും എഴുത്തിനെ ആകമാനം സ്വാംശീകരിക്കു
ന്നതുമായ ഒന്ന് അതിൽ ബാലേട്ടൻ ചേർത്തിരുന്നു. അത് ശില്പ
മായിട്ടാണ് ചേർന്നിരിക്കുന്നത്. ഒരു ഗന്ധർവ്വസാന്നിദ്ധ്യം. ഒരു
പക്ഷേ, ഒരിക്കൽ ഗന്ധർവ്വലീലാടനം സിനിമയാക്കാൻ കൊ
തിച്ച തന്റെ പൂർവ്വമനസ്സും ബാലേട്ടനെ അതിൽ ത്വരിപ്പിച്ചിരി
ക്കാം. ഏതായാലും ആ ഗന്ധർവ്വൻ പത്മരാജന്റെ കൃഷ്ണഭാവനയുടെ
ഇന്ദ്രദീപ്തിയല്ല, കഥകളിയിലെ കൃഷ്ണനീലിമയുടെ കൃഷ്ണഗോപീ

വല്ലഭത്വവുമല്ല, ചലച്ചിത്രമലയാളിയുടെ അബോധത്തിൽ വിള യാടുന്ന മോഹനലാലസമായ നടനശോഭയാണണിഞ്ഞിരുന്ന ത്. മോഹൻലാലല്ലാതെ ഒരാൾ ആ വേഷത്തിൽ വരുന്നത് എനിക്കും ശരിയായിത്തോന്നിയില്ല. ബാലേട്ടന്റെ മനസ്സ് മോഹ ൻലാലിൽ ഉറച്ചുനിൽക്കുന്നതിൽ തെറ്റേയില്ല. ലാലിലേക്കെങ്ങ നെ പോകും? പഴയ കിളിക്കൂടിന്റെ തിക്തത മനസ്സിലുണ്ടെന്നു തുറന്നുപറഞ്ഞു. എങ്കിലും പോകാൻ തന്നെ ബാലേട്ടൻ തീരുമാ നിച്ചു. ഇത്തവണ സിനിമ ചെയ്യുന്നത് താൻ തന്നെയെന്നും ഉറ പ്പിച്ചിട്ടുണ്ട്.

ബാലേട്ടൻ പോയി ലാലേട്ടനെക്കണ്ടു. അതിന്റെ വിവരം പറ യാൻ എന്നെ വിളിച്ചുസംസാരിച്ചു (ഈ കുറിപ്പിൽ ഞാൻ കൂടി പ്പോകുന്നുണ്ടെങ്കിൽ ക്ഷമിക്കുക. പി. ബാലചന്ദ്രൻ എന്ന സിനി മയിലെ ഒരു എക്സ്ട്രാ കഥാപാത്രം മാത്രമാണു ഞാൻ. അവിടെ യുമിവിടെയും കടന്നുവരുന്നുവെന്നേയുള്ളൂ; ഒരു പ്രാധാന്യവും ഇല്ല). മോഹൻലാൽ പി. ബാലചന്ദ്രനെന്ന ബാലണ്ണനെ പണ്ട ത്തേതുപോലെ സ്നേഹിക്കുന്നുണ്ട്. വലിയ കാര്യമായി സ്വീക രിച്ചു; കൊച്ചിയിലെ പുതിയ വസതിയിൽ കൊണ്ടുപോയി സൽക്കരിച്ചു. തിരക്കഥ വായിച്ചുകേട്ടു. പക്ഷേ, അന്നത്തെ സാഹ ചര്യത്തിൽ ആ സിനിമയിൽ അഭിനയിക്കാൻ പറ്റില്ലെന്നുമാത്രം.

ബാലേട്ടൻ നിരാശനാണെന്നു തോന്നിയില്ല. മറ്റൊരാലോചന അദ്ദേഹത്തിൽ ഉണ്ടെന്നു മനസ്സിലായി. *സൂഫി പറഞ്ഞ കഥ*യെടുത്താ, അതിൽ അഭിനയിക്കുന്ന പ്രകാശ് ബാരെ നാടകസ്നേഹിയാണ്. ബാലേട്ടനു ചെറിയ പരിചയവുമുണ്ട്. അതിനപ്പുറമേ, ബാലേട്ടന്റെ വലിയൊരു ബലമായ വി.കെ.പ്രകാശുമായി അദ്ദേഹത്തിനു കണക്ഷനുമുണ്ട്. അങ്ങനെ പ്രകാശ് ബാരെ നിർമിക്കുകയാണെങ്കിൽ ആ സിനിമ നടന്നേക്കുമെന്നൊരു സാധ്യതയാണു ബാലേട്ടൻ കാണുന്നത്. എറണാകുളത്ത് *സൂഫി പറഞ്ഞ കഥ*യുടെ പ്രിവ്യൂ ഉണ്ട്. അതിനു ബാലേട്ടൻ ചെല്ലണം. അവിടെ വച്ച് പ്രകാശ് ബാരെയുമായി ഈ വിഷയത്തിൽ ആദ്യകൂടിക്കാഴ്ച നടക്കും. ബാലേട്ടന്റെ മകൻ ശ്രീകാന്ത് അന്ന് വണ്ടിയോടിക്കാറായിട്ടില്ലെന്നുതോന്നുന്നു; അതോ ശ്രീകാന്തവിടെയില്ലാത്തതുകൊണ്ടാണോ എന്നോർമയില്ല, എന്നോട് വെളുപ്പിന് വൈക്കത്തെത്തി ബാലേട്ടനെയൊന്ന് എറണാകുളത്തിനു കൊണ്ടുപോകാമോ എന്നുചോദിച്ചു. സന്തോഷത്തോടെ ഞാനേറ്റു. ഞാൻ വെളുപ്പിനേ കോട്ടയത്തുനിന്നു വണ്ടിയോടിച്ചു വൈക്കത്തെത്തി, ബാലേട്ടനെയും കൊണ്ട് എറണാകുളത്തുപോയി *സൂഫി* കണ്ടു. ആ നീക്കത്തിന്റെ ഫലശ്രുതിയാണ് *ഇവൻ മേഘരൂപൻ* എന്ന സിനിമ. സിനിമയെടുക്കാൻ ബാലേട്ടനു ധൈര്യമായിരുന്നത് രാജീവ് രവിയെന്ന ക്യാമറാമാനാണ്. മോഹൻലാലിന്റെ സ്ഥാനത്ത് പ്രകാശ് ബാരെ വന്നതിന്റെ വ്യത്യാസം സിനിമയ്ക്കുണ്ട്. പക്ഷേ, പ്രകാശ് ബാരെ ഏറ്റെടുത്തില്ലായിരുന്നെങ്കിൽ ബാലേട്ടന്റെ വലിയൊരു സ്വപ്നം ഈ വിധമെങ്കിലും യാഥാർത്ഥ്യമാകാതെ പോകുമായിരുന്നു.

ബാലേട്ടൻ ഞങ്ങളെ പഠിപ്പിക്കുന്ന കാലം (1997-98). ക്ലാസിലേക്കു വരുന്നത് പുസ്തകമോ തയ്യാറെടുപ്പോ ഒന്നുമില്ലാതെയാണ്. എന്തെങ്കിലും പറഞ്ഞുതുടങ്ങുന്ന ക്ലാസ് നാടകത്തെക്കുറിച്ചുള്ള വലിയ ഗ്രാഹ്യങ്ങളുടെ പ്രസാരമായിത്തീരുന്നത് എങ്ങനെയാണ് എന്നു പറഞ്ഞറിയിക്കാൻ വയ്യ. ഗ്രോട്ടോവ്സ്കി, സ്റ്റാൻസിലാവ്സ്കി, ക്രൂവൽ തിയറ്റർ, പുവർ തിയറ്റർ, അബ്സേഡ് നാടകം, ബെർതോൾഡ് ബ്രെഹ്ത്, സാമുവൽ ബക്കറ്റ്, ഗോദോ, പിരാന്തല്ലോ, സദാരാമ, പുളിമാന, മറിയാമ്മനാടകം, ക്രൈം, സി.ജെ., വയലാ, ജി. ശങ്കരപ്പിള്ള, പൂജാമുറി... അതൊരു പ്രപ

ങ്ങമായി മാറും. ഒന്നും തിയറി അടിസ്ഥാനമാക്കിയോ പുസ്തക ങ്ങളെയും ദത്തങ്ങളെയും ആശ്രയിച്ചോ കടഞ്ഞിട്ടോ ഒന്നുമല്ല, വെറും പറച്ചിൽ. അതിനാൽത്തന്നെ അവയെല്ലാം പരന്നതും ഗ്രാഹ്യമായിത്തീർന്നു. ഷെയ്ക്സ്പിയറും കാളിദാസനും ത്രീ ആക്ട് ത്രീ ഹാക്ടേഴ്സും എല്ലാം അറിവായി. ഏതുകലയും ഭാസിക്കു ലാണ്; ആഭാസികലൊണ് എന്നും മേക്കിംഗ് ബിഹീന്ദാണ് അതിന്റെയെല്ലാം അടിസ്ഥാനമെന്നും വിശ്വസിപ്പിക്കൽ ടിക്കാ ണെന്നും അതാണു സങ്കേതമെന്നും വ്യഞ്ജിപ്പിക്കൽ എന്നാലെ ന്താണെന്നും അറിഞ്ഞു. അഭിജ്ഞാനശാകുന്തളമായാലും മാ ക്ബത്തായാലും കാടില്ലാതെ കളി പറ്റില്ല. ഒരു മരച്ചില്ലവച്ച് നാടകകാർ കാട്ടുണ്ടാക്കുന്നതെങ്ങനെയെന്ന്, ഉണ്ടാക്കുകമാത്ര മല്ല, കാടാണതെന്നു കാണിയെ ശരിയായി തെറ്റിദ്ധരിപ്പിക്കുന്ന തെങ്ങനെയെന്ന് ബാലേട്ടന് കുട്ടികളെ തെര്യപ്പെടുത്താൻ നിമി ഷങ്ങൾ മതി. അതു വസ്തുയാഥാർത്ഥ്യപ്രതീതി. മറ്റൊന്ന് സംഭവ യാഥാർത്ഥ്യപ്രതീതിയാകുമല്ലോ. ഹാംലറ്റായാലും രാമായണമാ യാലും കുത്തുവാളും കുത്തുമില്ലാതെ ചോരവരികയില്ല. പക്ഷേ, കുത്തുവാളും കുത്തും ചോരയുമില്ലാതെ അവയെങ്ങനെ നിണമ ണിയുന്നെന്നും പറഞ്ഞുഫലിപ്പിക്കാൻ ബാലേട്ടനു വലിയ കിട്ടു പിടികളൊന്നുംവേണ്ട. ഇതെല്ലാം വെറും ശബ്ദങ്ങളും ശരീരോ പായങ്ങളും ചേർന്ന പ്രകടനപരമായ അവതരണങ്ങളിലൂടെയും, അനുഭവങ്ങളിലൂടെ ആർജ്ജിച്ചെടുത്ത ചെറിയ ഉദാഹരണങ്ങളി ലൂടെയും ആണു പകരുക. പകർന്നുകിട്ടിയത്, അവിടെത്തന്നെ മണ്ണിറങ്ങിവറ്റുന്നതുകൊണ്ട് വേറേ നിറയ്ക്കാനുംപറ്റും, നിറഞ്ഞ ത് അകത്തുണ്ടാകുകയും ചെയ്യും.

1998ലോ 1999ലോ ആണ് എറണാകുളത്ത് അവസാനത്തെ ഐ.എഫ്.എഫ്.കെ നടക്കുന്നത്. ഞാനും രതീഷും ദേവരാജ നും പോകുമെന്നുറപ്പിച്ചു. ബാലേട്ടൻ പറഞ്ഞു. "അവിടെവച്ച് ഞാൻ നിങ്ങളെ മൈന്റു ചെയ്യുക പോയിട്ട്, തിരിഞ്ഞുനോക്കുക പോലുമില്ല. സിനിമാക്കാർക്കിടയിൽ എനിക്കു കുറച്ചു വിലകിട്ട ണമെങ്കിൽ ഇത്തരം ജാഡകളൊക്കെവേണം. നിങ്ങളെപ്പോലു ള്ള പിള്ളാരുമായി കൊണസാരം പറഞ്ഞുനിൽക്കാനൊന്നും പറ്റില്ല. അതുകൊണ്ട് ഇങ്ങോട്ടു ചിറ്റംകൂടാനൊന്നും വന്നേക്കരു ത്..."

ഞങ്ങൾ ആ പരിസരത്തുവച്ച് ബാലേട്ടനെക്കണ്ടിട്ട് തീരെ ശ്രദ്ധിച്ചില്ല; അദ്ദേഹം ഞങ്ങളെ ആലുവാമണപ്പുറത്തുവെച്ച കണ്ട പരിചയംപോലും കാണിച്ചുമില്ല. അങ്ങനെ രണ്ടുമൂന്നുദിവസം കടന്നുപോയി. വി.സി. ഹാരിസിനും ബി. ഉണ്ണികൃഷ്ണനുമൊന്നുംപോലും ഇത്രയും ജാഡയില്ല. അതിനിടെ ഞങ്ങൾ കാണുന്ന ഒന്നുരണ്ടു കാര്യമുണ്ട്. ഒരിക്കൽ ഭദ്രനും ബാലേട്ടനും മുഖാമുഖം വന്നു; രണ്ടാളും മുഖംതിരിച്ച് ക്രുദ്ധഭാവത്തിൽ കടന്നുപോയി. പിന്നൊരിക്കൽ കമലും ബാലേട്ടനും മുഖാമുഖം വന്നു; രണ്ടാളും മുഖംതിരിച്ച് ക്രുദ്ധഭാവത്തിൽ കടന്നുപോയി. അപ്പോൾ ഞങ്ങളോടുമാത്രമല്ല, സിനിമാക്കാരിൽ ചിലരോടും ഇതേ ജാഡയാണല്ലോ എന്നോർത്തു. ഞാൻ മനസ്സിൽ വിചാരിച്ചു. ബാലേട്ടന്റെ അങ്കിൾബണ്ണിന്റെ സംവിധായകനാണല്ലോ ഭദ്രൻ?! ബാലേട്ടന്റെ ഉള്ളടക്കത്തിന്റെ സംവിധായകനാണല്ലോ കമൽ?! പിന്നെന്താണിതിങ്ങനെ?!

മൂന്നാംദിവസമായി. എവിടന്നോ ഒരു വിളി. "എടാ... രതീഷേ. അൻവറേ..."

നോക്കുമ്പോൾ ബാലേട്ടനാണ്. ഞങ്ങൾ അന്ധാളിപ്പോടെ അടുത്തേക്കു ചെന്നു. ബാലേട്ടൻ പാരവശ്യത്തോടെ പറഞ്ഞു.


"എന്നെക്കൊണ്ടുവയ്യെടാ പുല്ലന്മാരേ, ഈ കോത്താഴത്തെ ജാഡ കാണിക്കാൻ. ബാ, നമുക്കിവിടെനിന്ന് എങ്ങോട്ടെങ്കിലും പോകാം..."

ഞങ്ങൾ നേരേ ബാറിലേക്കുപോയി. രണ്ടെണ്ണം അടിച്ച് ജാഡക്കുപ്പായം പൂർണ്ണമായും ഊരിയിട്ടപ്പോഴാണ് ബാലേട്ടനു സമാധാനമായത്. ബാലേട്ടന് കടിച്ചുപിടിച്ച് കുറച്ചുനേരം ജാഡ അഭിനയിക്കാനല്ലാതെ ജാഡക്കാരനാകാൻ പറ്റില്ല. ജാഡ മാത്രമാണ് ബാലേട്ടന്റെ അഭിനയം. അതുമാത്രമാണ് അദ്ദേഹത്തിന് അഭിനയിക്കാനറിയാൻ വയ്യാത്തതും. ആ മധുശാലയിൽവെച്ച് ഞാൻ ചോദിച്ചു, ഭദ്രനെയും കമലിനെയും ഒന്നും കണ്ടിട്ട് മിണ്ടാത്തതെന്താ?

"അവന്മാരുമായിട്ടെല്ലാം ഞാൻ സിനിമ ചെയ്തിട്ടില്ലേ?.. പിന്നെങ്ങനെ അവർ എന്നോടു മിണ്ടും?.. എല്ലാവന്മാരുമായിട്ടും തല്ലുകൂടിയിട്ടല്ലേ ഞാൻ പോരത്തുള്ളൂ..."ബാലേട്ടൻ മറുപടി പറഞ്ഞു.

ഒരാളുമായി സിനിമ ചെയ്യുമ്പോൾ അയാളുമായി തല്ലുകൂടുകയെന്നത്
എത്ര സ്വാഭാവികമാണെന്നും ബാലേട്ടനെപ്പോലൊരാൾക്ക് സി
നിമയിൽ വിജയമെങ്ങനെ കിട്ടാതെ പോയെന്നും സ്വയം ഒരു
തിരക്കഥാകൃത്താകാൻ നടന്നുതളർന്ന കാലത്ത് ഞാൻ അനു
വിച്ചറിഞ്ഞു. ഒരു സിനിമാച്ചർച്ചയ്ക്കിടയിൽ നരകതുല്യം അപ
മാനം സഹിച്ച് വേദനിച്ച് ഞാൻ തൃശ്ശൂർ നഗരത്തിലൂടെ നടന്നു
കൊണ്ട് ബാലേട്ടനെ വിളിച്ചു. ബാലേട്ടൻ എന്റെ സങ്കടം കേട്ടിട്ട്
സ്വന്തം അനുഭവം പറഞ്ഞു.

"നിന്റെ മട്ടിലും മാതിരിയിലും ഞാൻ എന്നെത്തന്നെയാ കാണു
ന്നത്. ഞാനും ഇതുമാതിരി ചർച്ചയിലെ സകലമണ്ടത്തരങ്ങളും
സഹിക്കും. അങ്ങനെ മാറ്റാനും ഇങ്ങനെ മാറ്റാനും എല്ലാം പറയു
ന്നതുപോലെ കടിച്ചുപിടിച്ച് ചെയ്യും. മറുപടിയൊന്നും പറയില്ല.
പക്ഷേ, കലിയുള്ളിൽ വളരുന്നുണ്ടാകും. ഒടുക്കം, ചിലപ്പോൾ
ഒരു നിസ്സാരകാര്യത്തിന് അഗ്നിപർവതം പൊട്ടും. ഇത്രയും ദിവ
സത്തെ കലിപ്പാണിതെന്ന് അവർക്കു മനസ്സിലാകില്ല. എന്തോ
ചെറിയ കാര്യത്തിന് ബാലചന്ദ്രൻ കേറിച്ചൂടായി, തല്ലാൻ വന്നു
എന്നുമാത്രമേ അവരതു കണക്കാക്കൂ. അങ്കിൾ ബണ്ണിനെഴുതു
മ്പോൾ ദിവസേനയുള്ള ഈ മാറ്റങ്ങൾ വരുത്തിവരുത്തി, ചർച്ച
യും മറുചർച്ചയുമായി ഞാൻ എല്ലാവരെയും മനസ്സിൽ തന്തയ്ക്കുവി
ളിച്ച് ദിവസങ്ങൾ കഴിച്ചുകൂട്ടിവരുന്ന കാലം. ഒരു വെളുപ്പാൻകാ
ലത്ത്, സൂര്യൻ ഉദിച്ചിട്ടില്ല, ഹരി പോത്തൻ എന്റെ മുറിയിൽ
വന്നു. എന്നിട്ട് എന്നെ തല്ലിയുണർത്തുകയാണ്. അയാളുടെ പറ
യുകാണേ, എഴുന്നേൽക്ക് ബാലാ... എണീറ്റിരുന്ന് തിരക്കഥയെ
ഴുത്. ഉദയത്തിലിരുന്നാ എഴുതേണ്ടത്. പത്മരാജനൊക്കെ ഉദയ
ത്തിനുമുന്നേ എഴുന്നേറ്റിരുന്നാ എഴുതുന്നത്... എണീക്ക്!!... എ
നിക്ക് എന്നെക്കൂടാതുള്ള കലിവന്നു. എഴുന്നേറ്റുവന്ന ഞാൻ പറ
ഞ്ഞ സരസ്വതി കേട്ട് ഹരി അന്ധാളിച്ചുനിൽക്കുന്നത് എനി
ക്കോർമയുണ്ട്. ആ പറഞ്ഞതൊന്നും അപ്പഴത്തെ ദേഷ്യത്തിനു
പറഞ്ഞതല്ല. ദിവസങ്ങളായുള്ള പല കാര്യത്തിലെ കലിയാ.
പക്ഷേ, അതോടെ ആ ഗ്രൂപ്പുവായിട്ടുള്ള ഇരിപ്പുവശം തെറ്റി. ഇതു
പോലെതന്നെയാ ഉള്ളടക്കത്തിൽ കമലുമായും *അഗ്നിദേവനിൽ*
വേണുവുമായും ഒക്കെ... *അഗ്നിദേവനിൽ* ലാലിന്റെ നിർബന്ധം
കൊണ്ടാ വേണു നാഗവള്ളി എന്നെക്കൂടി കൂട്ടിയത്. പക്ഷേ, ഞാ



നെഴുതുന്നതൊന്നും മൂപ്പരു സമ്മതിക്കുകേല. പിന്നെന്താ ചെയ്യുക. വെറുതെ എന്റെ പേരുകൂടി ചീത്തയായെന്നു പറഞ്ഞാൽ മതി. എനിക്കും നിനക്കുമൊന്നും പറ്റിയ സ്ഥലമല്ലെടാ ഇത്.''

ബാലേട്ടന്റെ തിരക്കഥയെഴുത്തുകരിയർ ശ്രദ്ധിച്ചാൽ ചില കാര്യങ്ങൾ വ്യക്തമാകും. ബാലേട്ടന്റെ അദ്ധ്വാനത്തിന്റെ ഫലം മറ്റുള്ളവർ കൊണ്ടുപോകുകയായിരുന്നു. *അങ്കിൾ ബണ്ണി*ന്റെ കഥ ഭദ്രന്റേതാണ്. *ഉള്ളടക്കം* മികച്ച തിരക്കഥയുടെ ബലമുള്ള സിനിമയാണ്. പക്ഷേ, അതിന്റെ കഥ ചെറിയാൻ കല്പകവാടിയുടേതാണ്. മികച്ച സംവിധായകനും കഥയ്ക്കുമുള്ള പുരസ്കാരം അതിനു കിട്ടിയിട്ടും ബാലേട്ടൻ ശ്രദ്ധിക്കപ്പെട്ടില്ല. സിനിമയിൽ കഥയെന്നു പറയുന്നത് സത്യത്തിൽ ഒന്നുമല്ല (മതിലുകളോ ഭാസ്കരപ്പട്ടേലരോ പോലുള്ളവയെപ്പറ്റിയല്ല, പ്രത്യുത, സിനിമയ്ക്കായി കെട്ടിച്ചാർത്തുന്ന കഥയെപ്പറ്റിയാണു പറയുന്നത്) അതു തിരക്കഥയാകുമ്പോൾ അതെഴുതുന്നയാൾ കൊണ്ടുവരുന്ന സങ്കേതവും സന്ദർഭാനുകൂലതയും ആഖ്യാനവും ചേർപ്പുകളുമാണ് അതിന്റെ സിനിമത്വം കൊണ്ടുവരുന്നത്. പലപ്പോഴും കഥ ഒരുവരിയേ കാണുകയുള്ളൂ. പക്ഷേ, കഥ മറ്റൊരാളുടേതാണെങ്കിൽ സിനിമ വിജയിച്ചാൽ ക്രെഡിറ്റ് അയാൾ കൊണ്ടുപോകും. സിനിമ പരാജയപ്പെ

ട്ടതോ, അതു തിരക്കഥ മോശമായതുകൊണ്ടാണെന്നുള്ള ദുഷ്പേര്
മെയും തിരക്കഥാകൃത്തിന്ന കിട്ടുകയും ചെയ്യും.

ചരിത്രം ബാലേട്ടന്റെ മികച്ച രചനയാണ്. പക്ഷേ, അതിന്റെ
കഥയുടെ ക്രെഡിറ്റിലും ഒറ്റയ്ക്കുനിൽക്കാനായില്ല. ടി.കെ.രാജീവ്കു
മാർ അതു പങ്കിട്ടു. പിന്നെച്ചെയ്ത പല പടങ്ങളും പലവഴിയിൽ
നിന്നുപോയി. ബാലേട്ടന്റെ മറ്റൊരു രീതിയിലുള്ള തിരിച്ചുവര
വായിരുന്നു *പുനരധിവാസം*. വി.കെ.പ്രകാശിന്റെ സംവിധാന
സംരംഭം. ആ സിനിമയ്ക്ക് മികച്ച കഥയ്ക്കുള്ള സംസ്ഥാനപുരസ്കാ
രം ബാലേട്ടന്ന ലഭിച്ചു. പക്ഷേ, അപ്പോൾ, ഒരു വിവാദമുണ്ടായി.
മാനസിയുടെ ഒരു കഥയാണ് അതെന്നുപറഞ്ഞ് മാനസിയും
സഹോദരനും എഴുത്തുകാരനുമായ പി.എ.ദിവാകരനും രംഗത്തു
വന്നു. അവരുടെ ന്യായം തെറ്റാണെന്നു പറയാൻ ശ്രമിക്കുകയല്ല.
പക്ഷേ, അതിൽ സംഭവിച്ചത് എനിക്കറിയാവുന്നതു പറയാം
(ബാലേട്ടന്റെ സാക്ഷ്യം). ബാലേട്ടൻ മാനസിയുടെ ഒരു കഥ
വായിച്ച് അതിലെ ഒരു സംഭവത്താൽ ആകൃഷ്ടനായി. ആ സംഗ
തിയിൽനിന്ന പ്രചോദനം ഉൾക്കൊണ്ട് ബാലേട്ടൻ തന്റേതായ
ഒരു കഥ വികസിപ്പിച്ചു. എങ്കിലും മാനസിയോട് ഇക്കാര്യം സം
സാരിക്കുകയും അതിന്റെ അനുവാദം വാങ്ങുകയും ചെയ്തു. കഥ
തന്റേതെന്നാണ് വയ്ക്കുകയെന്ന പറഞ്ഞുറപ്പിക്കുകയും ചെയ്തു.
സിനിമ പുറത്തുവന്നപ്പോഴോ തിയറ്ററുകളിൽ ഓടിയിരുന്നപ്പോ
ഴോ ഒന്നും ഒരു ക്ലെയിമും ആരും ഉന്നയിച്ചില്ല; എന്നാൽ, കഥയ്ക്ക്
അവാർഡ് പ്രഖ്യാപിച്ചപ്പോൾ ഇങ്ങനൊരു ക്ലെയിം. അതു ബാ
ലേട്ടന്ന വലിയ മനോദുഃഖത്തിന്ന കാരണമായി. ആ വർഷം തിര
ക്കഥയ്ക്ക് തനിക്കു കിട്ടേണ്ടതായിരുന്നെന്ന് ബാലേട്ടൻ ഉള്ളിൽ
വിശ്വസിച്ചിരുന്നു. പക്ഷേ, കിട്ടിയത് ബി. ഉണ്ണിക്കൃഷ്ണനായിരു
ന്നു. അദ്ദേഹത്തിന്റെ ആദ്യതിരക്കഥയായ *ജലമർമ്മരത്തിന്*. ആ
സിനിമയെടുത്തത് ബാലേട്ടന്റെ പ്രിയമിത്രം ടി.കെ.രാജീവ്
കുമാർ. ആ സിനിമയിൽ ബാലേട്ടനും വി.സി.ഹാരിസും മുഖ്യവേ
ഷങ്ങളിലുണ്ട്. ഇങ്ങനെ തന്റെ കൂടി സിനിമയായ *ജലമർമ്മരത്തി*
നാണ്, തന്റെ ശിഷ്യൻ കൂടിയായ ബി. ഉണ്ണിക്കൃഷ്ണനുതന്നെയാ
ണ് പുരസ്കാരമെന്നതുകൊണ്ട് ബാലേട്ടന് സ്വന്തം വൃത്തങ്ങ
ളിൽപ്പോലും, ബാലേട്ടന്റെ ഭാഷയിൽപ്പറഞ്ഞാൽ ഒരു കൊതി
ക്കെറുവുപോലും പറയാൻ പറ്റാത്ത അവസ്ഥ. ആ ഇരട്ടമുള്ളുവിഴ

ഞാൻ പാവം ബാലേട്ടൻ നല്ല ക്ലേശം അനുഭവിച്ചിട്ടുണ്ട്. വേറൊരു രസം, *ജലമർമ്മരം* പി. ബാലചന്ദ്രനെക്കൊണ്ടെഴുതിക്കാൻ വന്നതാണ് ടി.കെ. രാജീവ്കുമാർ. ബാലേട്ടനാണ് അതു താനെഴുതുന്നില്ലെന്നുപറഞ്ഞ് പകരം ബി. ഉണ്ണികൃഷ്ണനെ പരിചയപ്പെടുത്തിക്കൊടുക്കുന്നത്.

അതിനുശേഷം വർഷങ്ങൾക്കുപിറകേയാണ് *പോലീസ്* എന്ന സിനിമ വരുന്നത്. വീണ്ടും വി.കെ. പ്രകാശിനുവേണ്ടി തിരക്കഥ. അതിൽ രസകരമായ ഓർമയുണ്ട്. കത്രിക്കടവിലെ ഇടശ്ശേരി മാൻഷനിൽ രണ്ടു സിനിമാസംഘങ്ങൾ തമ്പടിച്ചിരിക്കുന്നു. ഒരുകൂട്ടർ *പോലീസ്* ടീം. മറ്റേത് *ബൈ ദ പീപ്പിൾ* ടീം (ജയരാജ്പടം). *പോലീസിന്റെ* തിരക്കഥ പി. ബാലചന്ദ്രനെങ്കിൽ *ബൈ ദ പീപ്പിളിന്റെ* രചന സുനിൽ പരമേശ്വരൻ. ടൈറ്റിൽ അങ്ങനെയെങ്കിലും ആ പടത്തിന് പ്രേതക്കുപ്പായത്തിൽ തിരക്കഥയെഴുതുന്നത് അൻവർ അബ്ദുള്ളയെന്ന ഞാനാണ്. അവസാന നിമിഷം കഥയാകെ മാറിയപ്പോൾ, സുനിൽ പരമേശ്വരൻ *അനന്തഭദ്രത്തിന്റെ* എഴുത്തിലായിപ്പോയതാണു കാരണമെന്നു ടെക്നിക്കലി പറയാം. അങ്ങനെ, ബാലേട്ടനും ഞാനും രണ്ടു പടങ്ങളുടെ തിരക്കഥാകൃത്തുക്കളായി ഒരേ ഹോട്ടലിൽ. ആ പടങ്ങൾ അതതിന്റെ തിരക്കഥാകൃത്തുക്കൾ നിനച്ചവിധത്തിൽ ഉടലാർന്നിരുന്നെങ്കിൽ ഒരുപക്ഷേ, ബാലേട്ടൻ ഉറപ്പായും, ചിലപ്പോൾ ഞാനും സിനിമാരചനാരംഗത്തു വേറേ നിലയിൽ എത്തിയിരുന്നേനേ. അതൊന്നുമുണ്ടായില്ല. രണ്ടു ഫ്ളോപ്പുകളും മൂക്കുംകുത്തിവീണു. വീണ്ടും സിനിമയ്ക്കുപുറത്തുവച്ച് ബാലേട്ടനെ കണ്ടപ്പോൾ ബാലേട്ടൻ പറഞ്ഞതിങ്ങനെ.

"എടാ, ഞാനൊരു മൂന്നുസെന്റിൽ ഒരു നില ഒരു അറുന്നൂറ്റമ്പതു സ്ക്വയർ ഫീറ്റിൽ ചെറിയൊരു രണ്ടുനിലവീടാ ഉദ്ദേശിച്ചത്... ആ പ്ലാനേൽ ആ പ്രകാശു കേറി നാല്പതുനെല ഫ്ളാറ്റു കെട്ടിപ്പൊക്കിയാ ഞാനെന്നാ ചെയ്യാനാടാ ഉവ്വേ?!."

പിൽക്കാലം ബാലേട്ടനു മദ്യപാനത്തിൽനിന്ന് വിടുതിയുണ്ടായി. പിന്നെയും മദ്യപാനാസക്തിയുണ്ടായിട്ടില്ലെന്നല്ല, എന്നാലും ബാലേട്ടൻ ശ്രീ.ശ്രീ.രവിശങ്കറിന്റെ ആർട് ഓഫ് ലിവിംഗിലേക്കാകൃഷ്ടനായി. അതിനെ വിമർശിക്കുന്നവരോട് ബാലേട്ടന്റെ നിലപാട് ഇങ്ങനെയായിരുന്നു. "എന്റെ ശ്വാസം എനിക്ക് ഇഷ്ട



ഒ.എൻ.വി. ശരത് എന്നിവർക്കൊപ്പം

മുള്ളപോലെ വലിക്കുകേം വിടുകേം ചെയ്യുന്നേന്ന് നിനക്കൊക്കെ
എന്നാടാ ദെണ്ണം?"

അതിനുശേഷമെന്നും ബാലേട്ടനിൽ ഒരു ആദ്ധ്യാത്മികപ്രേരണ
എങ്ങനെയും നിലകൊണ്ടിരുന്നു. ശ്രീ.ശ്രീ. മുതൽ നിർമലാന്ദന
യോഗിമഹാരാജ് വരെയുള്ള യോഗികളിലൂടെ അതു വികസിച്ചി
ട്ടുണ്ട്. തികഞ്ഞ മതേതരത്വമാണ് ബാലേട്ടനിലുണ്ടായിരുന്നത്.
ജാതിത്തമൊന്നും തീരെയില്ല. ഈ വിശ്വാസം ദൈവികതയുടെ
ഐശ്വര്യാംശത്തെ സ്വീകരിക്കാനുള്ള, അങ്ങനെ സ്വസ്ഥത
സ്വയം സ്ഥാപിക്കാനുള്ള താല്പര്യമായിട്ടാണ് എനിക്കു തോന്നി
യിട്ടുള്ളത്. ആ പോക്കിൽ ലതച്ചേച്ചിയായിരുന്നു ബാലേട്ടനും
വഴികാട്ടി. അല്ലെങ്കിൽ, അതായിരുന്നു അവരുടെ ഏറ്റവും ആയാ
സരഹിതമായിരുന്ന സഹയാത്ര. പിന്നീട്, ഷുഗർ വന്നതോടെ
ബാലേട്ടൻ മദ്യപാനം ഇല്ലാത്ത ഒരാളായിമാറി. ഞങ്ങളുടെ ലെ
ഷ്വേഴ്സ് കാലത്തുതന്നെ മദ്യവിട്ടുതിയും താടിമുടികളിൽ കറുത്ത
ചായംപൂശലും അവസാനിപ്പിച്ചുതുടങ്ങിയിരുന്നു. ബാലേട്ടൻ ആദ്യ
മായി കുറുപ്പുമാറിയ താടിയുമായി വന്നപ്പോൾ അമ്പിളി പറഞ്ഞി
രുന്നു. "ഇനി ചായം തേയ്ക്കല്ലേ സാറേ, ഇതാണു ഭംഗി." പിന്നെ,
സിനിമയ്ക്കല്ലാതെ ബാലേട്ടൻ ചായം തേച്ചുകണ്ടിട്ടില്ല.

ബാലേട്ടന് പിഎച്ച്.ഡി. ഇല്ലായിരുന്നു. എടുക്കണമെന്നുണ്ടായിരുന്നു. നമ്പ്യാരിലായിരുന്നു വഴികണ്ടത്. എല്ലാം നടക്കുമായിരുന്നു. പക്ഷേ, അതു നടക്കാൻ ആഗ്രഹിക്കുന്നതുതന്നെ ശമ്പളക്കൂടുതൽ മനസ്സിൽക്കണ്ടാണെന്നുള്ള കുറ്റബോധം ബാലേട്ടനുണ്ടായിരുന്നു. അതുകൊണ്ടുമാത്രമാണത് ഇട്ടുതല്ലിയത്. മരിക്കുമ്പോഴും അദ്ദേഹം പണ്ഡിതഡോക്ടറായില്ല; അതനുഗ്രഹം എന്നാണെന്റെ കരുതൽ.

ബാലേട്ടന്റെ നാടകങ്ങളെപ്പറ്റി പറയാതെ ഈ കുറിപ്പു പൂർണ്ണമാകില്ല. ഞാൻ ഒരുകാലത്തും നാടകക്കമ്പക്കാരനല്ല. എന്നിട്ടും ബാലേട്ടന്റെ നാടകസാക്ഷാൽക്കാരങ്ങൾ എനിക്കു ഹരമായിരുന്നു. ആ വ്യക്തി പ്രിയപ്പെട്ടുംമുന്നേതന്നെ. ആദ്യം കാണുന്ന നാടകം *മാറാമറയാട്ടം* ഒരു നേരമ്പോക്കാണ്. അതിനുകാരണം, അതിൽ മനോജ് കുറൂരിന്റേതായിരുന്നു ചെണ്ട എന്നതാണ്. കോട്ടയം ബാലഭവനിലിരുന്ന് ആ നാടകം കണ്ടത് രസകരമായ അനുഭവമായിരുന്നു. ഇങ്ങനെയും നാടകമോ? തനതിന്റെ കളിയല്ല. അതെന്നു തോന്നിപ്പിക്കുന്ന മറ്റൊരടവ്. പുരഞ്ജയംവെട്ടി സൗഭദ്രമെന്നു തോന്നിക്കുന്ന പൂഴിക്കടകൻ. ഇന്നെനിക്കു പറയാൻ കഴിയും, ബാലേട്ടൻ ആധുനികോത്തരതയുടെ പ്ലേഫുൾനെസ്സിനെ ഉള്ളടക്കത്തിലും രൂപത്തിലും കൊണ്ടുവരികയെന്ന പണിയാണ് *മാറാമാറയാട്ടം*മുതൽ *മദ്ധ്യവേനൽപ്രണയരാവു*വരെയുള്ള നാടകങ്ങളിലും *പൂജാമുറി* മുതൽ ഇയാഗോ വരെയുള്ള നാടകസാക്ഷാത്കാരങ്ങളിലും ചെയ്തുപോന്നത് എന്ന്. എന്നാൽ, ബാലേട്ടൻ ആധുനികോത്തരത സൈദ്ധാന്തികമായി ധരിച്ചിരുന്ന ആളല്ല. അതിന്റെ മട്ടുകൾ അനുഭവകാലംകൊണ്ടും കാലാനുഭവംകൊണ്ടും അരങ്ങിൽ സമ്മിളിതമാക്കുകയാണ് അദ്ദേഹം ചെയ്തത്. ഗ്യാസുകുറ്റികൊണ്ടുവന്ന് സീതാദഹനം സാദ്ധ്യമാക്കുന്ന ഉപായത്തിലും (*മായാസീതാങ്കം* - ഒരു പുണ്യപുരാണ പ്രശ്നനാടകം) ഷെയ്ക്സ്പിയറിന്റെയും പക്കിനെയും ഭാരതീയേതിഹാസനാടകാദികളിൽനിന്ന് ഗന്ധർവ്വനെയും കൊണ്ടുവന്ന് കൂട്ടിച്ചേർക്കുന്ന വിളക്കുപണിയിലും (*മദ്ധ്യവേനൽപ്രണയരാവ്*) ആഖ്യാനത്തിന്റെ എതിരടരുകൾ തീർക്കുന്നതിനായി, ചത്തവനെയും കൊന്നവനെയും കൊണ്ടുവന്നു മുന്നിൽനിർത്തുന്ന, ടെലിവിഷൻ കെട്ടുകാഴ്ചപ്പണിയായും (ചത്തവനും കൊന്നവനും ഭാര്യാ

സങ്കേതം) ഒക്കെ ആധുനികോത്തരതയുടെ ആഖ്യാനസാധ്യതകൾ
പൂമാ വനാകേറുകയായിരുന്നു അദ്ദേഹത്തിന്റെ നാടകങ്ങളിൽ.
മാരായാട്ടത്തിനുശേഷം. ഞാൻ പിറ്റേവർഷം. 38നെ ഹാ
ളിൽ ചത്തവനും കൊന്നവനും ഭാര്യാസമേതം എന്ന നാടകവും
കണ്ടു. അതിൽ. ഒരു ടെലിവിഷൻ അവതാരകനായി ബാലേട്ടൻ
വന്നിരുന്നു.

പിന്നൊരു കൊല്ലത്തെ നാടകമായിരുന്നു മായാസീതാങ്കം.
അപ്പോൾ. ഞാനും ലെറ്റേഴ്സിൽ വിദ്യാർത്ഥിയാണ്. നാടക
ത്തിന്റെ ബീജാവാപം മുതൽ ആദ്യത്തെ മൂന്ന് അവതരണങ്ങൾ
വരെ ഞാനും രതീഷും ലെറ്റേഴ്സിലെ പിള്ളേരുമൊക്കെ മുഴുവൻ
പല പ്രകാരത്തിൽ കൂടെയുണ്ട്. ലൈബ്രേറിയനായിരുന്ന പി.
കെ. സുധി (എഴുത്തുകാരൻ) യും ഉണ്ട് അണിയറയിൽ. പിന്നീട്
ലെറ്റേഴ്സ് നാടകമവതരിപ്പിച്ചപ്പോഴൊക്കെ അവിടത്തെ വിദ്യ
ർത്ഥികളായിരുന്നു അരങ്ങിലെത്തിയത്. പക്ഷേ, ആ വർഷം
നാടകത്തിനു പണം ചെലവാക്കിയത് യൂണിവേഴ്സിറ്റിയിലെ
സംസ്കാര എന്ന സംഘടനയായിരുന്നു. അതുകൊണ്ട് സർവക
ലാശാലാ ജീവനക്കാർ അഭിനേതാക്കളായി. ഞാൻ അന്നു
നാം ആലോചിച്ചിട്ടുണ്ട്, അങ്ങനെയായിരുന്നില്ലെങ്കിൽ ഞങ്ങ
തന്നെയായിരുന്നു ആ നാടകത്തിൽ വേഷമിട്ടുമായിരുന്നതെന്ന്.
അത് നേർത്തൊരു നഷ്ടബോധമായി എന്നും കൂടെയുണ്ടായിരു
ഏതായാലും നൈനാൻ എന്നൊരാൾ രാമനായി. രവീന്ദ്ര
എന്നൊരാളാണ് രാവണനായത്. രാമനാകാൻ പറ്റിയില്ലെ
ലും രാവണനെങ്കിലും ആകാൻ പറ്റുമായിരുന്നേനേ എനിക്ക്
എന്ന് എനിക്കു സ്വയം തോന്നുന്നതുകൊണ്ടായിരിക്കണം അവ
രണ്ടാളുടെയും പേരുകൾ ഇപ്പോഴും ഓർമയുള്ളത്. സീതയായത്
വേറൊരു ഡിപ്പാർട്മെന്റിലെ രശ്മിതയായിരുന്നു. ശൂർപ്പണ
യായത് ലെറ്റേഴ്സിലെ അമ്പിളിയും. ബാലേട്ടൻ അമ്പിളിയോട്
അഭിനയിക്കാമോ എന്നു തിരക്കിയപ്പോൾ. ഒരു തീരുമാനമെ
ക്കാൻ അവൾ എന്നോടും ചോദിച്ചിരുന്നു. എന്തു ചെയ്യണമെന്ന്
ഞാൻ ഉദാസീനമായി ങ്ഹാ! ഇഷ്ടം പോലെ ചെയ്യ് എന്നു മറു
ടിയും പറഞ്ഞു. എനിക്ക് അക്കാലം അമ്പിളിയോട് പ്രേമം തോ
ന്നിയിരുന്നതുകൊണ്ട്, അവൾ കണ്ട രാവണന്റും കോമരങ്ങ
ക്കൊപ്പം അഭിനയിക്കുന്നത് വലിയ താല്പര്യമില്ലായിരുന്നു

പ്രേമം ദ്വിപക്ഷീയമായി വളർന്നിരുന്നില്ലാത്തതുകൊണ്ട് അതൊക്കെ ഞാൻ മാത്രമേ അറിഞ്ഞുള്ളൂ. പുറത്തു നാടകാവതരണത്തിനു പോയപ്പോൾ, മഞ്ജുളയാണ് അമ്പിളിക്കു കൂട്ടായി വന്നിരുന്നത്. എനിക്കു മഞ്ജുളയോടും ശകലം പ്രേമമുണ്ടായിരുന്നതിനാൽ, കണ്ട നാടകക്കാരികൾക്കൊക്കെ അവൾ കൂട്ടുപോകുന്നതിൽ എതിർപ്പുണ്ടായിരുന്നെങ്കിലും അതും ഞാൻ പ്രകടിപ്പിച്ചില്ല. ഇതൊക്കെ പിൽക്കാലത്ത് ഞാൻ ബാലേട്ടനോടു പറഞ്ഞു ഞങ്ങൾ ചിരിച്ചിട്ടുണ്ട്; ഇത്തമാശയൊക്കെ അറിയാവുന്നവനായി രതീഷ് ബാക്കിയുണ്ട്.

*മായാസീതാങ്ക*ത്തിനുശേഷം വർഷങ്ങളോളം ബാലേട്ടൻ നാടകമെഴുതിയതേയില്ല. ആ കാലം ലെറ്റേഴ്സ് അതിന്റെ വാർഷിക നാടകത്തിന് പുറത്തുനിന്ന് സംഘങ്ങളെ വിളിക്കേണ്ടിവന്നു. അതിൽ ഞെരുക്കം തോന്നിയിട്ടാണ് വി.സി.ഹാരിസ് ലോകോത്തരനാടകങ്ങളുടെ പുനരെഴുത്തു തുടങ്ങിയത്. കാരണം, പുറത്തുനിന്നു നാടകം വിളിക്കുമ്പോൾ ഹാരിസിന് അഭിനയിക്കാൻ പറ്റില്ലല്ലോ. ഹാരിസിന്റെ ജീവിതാനന്ദത്തിന്റെ ഒരു ചരടുകെട്ടിയിരുന്നത് നാടകത്തിന്റെ സ്റ്റേജിലായിരുന്നു. ഹാരിസ് നാടകം പുനരെഴുതിയത് ബാലേട്ടൻ സംവിധാനം ചെയ്യണമെന്ന ധാരണയിലാണ്. അങ്ങനെ പിറന്ന, എഴുത്തിലെയും സാക്ഷാൽക്കാരത്തിലെയും, മലയാളനാടകചരിത്രത്തെ കിടിലംകൊള്ളിച്ച മിന്നൽക്കൊടികളാണ് *ഡ്രമാറ്റിക് സർക്കിളും ഇയാഗോയും വൊയ്സെക്കും* ഒക്കെ. മഴയിലെ കുടയ്ക്കു പകരം മഴ കൊണ്ടുള്ള കുട പോലെയുള്ള രംഗവസ്തുപരീക്ഷണങ്ങളിലൂടെയും സദസ്സിനെയും വേദിയെയും വേറെതരത്തിൽ വേർതിരിച്ചും ഇണക്കിയും നടത്തിയ രംഗപരീക്ഷണങ്ങളിലൂടെയും പാത്രപ്രതീതിപരീക്ഷണങ്ങളിലൂടെയും ആ നാടകങ്ങൾ സൃഷ്ടിച്ച പരിവേഷത്തെ ആരും വേണ്ടവിധം രേഖപ്പെടുത്തുകയും പഠിക്കുകയും ആർക്കൈവു ചെയ്യുകയും ചെയ്തിട്ടില്ല. *പൂജാമുറി* സംവിധാനം ചെയ്യാൻ അവസരം കിട്ടിയപ്പോൾ ചെയ്ത പരീക്ഷണങ്ങളെപ്പറ്റി ബാലേട്ടൻ പറഞ്ഞ ഓർമയേയുള്ളൂ. ഇയാഗോ കണ്ട ഓർമയേയുള്ളൂ. ഓർമകൾ നിലനിൽക്കുമെങ്കിൽ ബാലേട്ടാ, നിങ്ങളുടെ നാടകസാക്ഷാത്കാരപരീക്ഷണങ്ങൾ ഉണ്ടാകുമെന്നുറപ്പ്. നാടകമെഴുതുന്നതിലും ബാലേട്ടനിഷ്ടം സാക്ഷാൽക്കാരത്തിൽ കൊണ്ടു



ഒരു മധ്യവേനൽ പ്രണയരാവ്
എന്ന നാടകത്തിൽ വി.സി ഹാരിസ്

വരുന്ന പുതുമകളായിരുന്നു. പലതും ചൊട്ടുവിദ്യകളായിരുന്നു. അരങ്ങിൽ പക്ഷേ, അവ അലറുമായിരുന്നു.

ബാലേട്ടന്റെ നാടകങ്ങൾ സമാഹരിച്ച് പുസ്തകമാക്കാനുള്ള ഭാഗ്യം എനിക്കു കിട്ടി. *താമസി* മുതൽ, *ചേരിയും സമാറയിലേക്കും വഴി ചട്ടക്കോഴിയും മദ്ധ്യവേനൽ പ്രണയരാവും* സകലനാടകങ്ങളും ചേർന്ന പുസ്തകം. അതിനു *നാടകോത്സവം* എന്നു ഞാൻ പേരിട്ടു; ബാലേട്ടൻ കലഹിച്ചില്ല. ചങ്ങനാശ്ശേരിയിൽനിന്നൊരു പുസ്തകശാലയ്ക്കുവേണ്ടിയാണതു ചെയ്തത്. പുസ്തകം ഗംഭീരമായി പ്രകാശനം നടന്നു. പക്ഷേ, വൈകാതെ പുസ്തകപ്രസാധനസംഘം പൂട്ടിക്കെട്ടി. അങ്ങനെ ആ പ്രയത്നം വ്യർത്ഥമായി. പക്ഷേ, ബാലേട്ടന്റെ മരണശേഷം ശ്രീകാന്ത് ബാലേട്ടന്റെ എഴുത്തെല്ലാം സമാഹരിക്കാൻ ശ്രമിക്കുമ്പോൾ, ഒരുപാടു തപ്പിത്തപ്പി, ആ പേജ്മേക്കർ ഫയൽ കണ്ടെത്തി നല്കാൻ കഴിഞ്ഞു.

റിട്ടയർ ചെയ്യുമ്പോൾ ഞാൻ ബാലേട്ടനോടു പറഞ്ഞു, ഇനിയാണു ബാലേട്ടാ, ബാലേട്ടന്റെ റൈറ്റം തുടങ്ങാൻ പോകുന്നത്. അഭിനയത്തിലാണു ബാലേട്ടന്റെ ഭാവി...

അതു ബാലേട്ടൻ ചിരിച്ചുതള്ളി. ക്ലാസിലോ രണ്ടുപേർ കൂടുന്നിടത്തോ, നിസ്സാരവിദ്യകൊണ്ട് ശരീരശാരീരപ്രകടനത്തിന്റെ മാസ്മരികത പുറത്തെടുക്കുന്ന ബാലേട്ടൻ സിനിമാഭിനയത്തിൽ അക്കാലംവരെയും പിന്നിലായിപ്പോകുന്നുണ്ടായിരുന്നു. *ജലമർമ്മ*ത്തിലെ അഭിനയം അതിഭാവുകത്വപരമെന്നു ഞാൻ നേരിട്ടുപറഞ്ഞിട്ടുണ്ട്. *കിളിക്കൂടെന്നോ* മറ്റോ പേരുള്ള ഒരു സീരിയലിൽ വേഷം കിട്ടിയതും അതിനാടകീയമായിട്ടാണ് നടിച്ചത്. *അഗ്നിദേവനി*ലാണ് താരതമ്യേന ഭേദം. ഇതൊക്കെ തനിക്കു തന്നെ അറിയാവുന്നതുകൊണ്ട് ബാലേട്ടൻ എന്റെ വാക്കു ചിരിച്ചുതള്ളി. തന്റെ ആദ്യസിനിമയെപ്പറ്റിയുള്ള തമാശചരിത്രം ആവർത്തിച്ചു. ബാലേട്ടന്റെ ആദ്യ സിനിമയേതാണെന്നറിയാമോ? സാക്ഷാൽ റിച്ചാഡ് ആറ്റൻബറോയുടെ സാക്ഷാൽ *ഗാന്ധി*.

*ഗാന്ധി* ചിത്രീകരണസമയത്ത് ബാലേട്ടൻ ദൽഹിയിലുണ്ട്. നാഷണൽ സ്കൂൾ ഓഫ് ഡ്രാമയിൽ എന്തോ കാര്യത്തിനു പോയതാണെന്നു തോന്നുന്നു. ഗാന്ധിയിൽ അഭിനയിക്കാൻ നാടകം പഠിച്ചവരെ എടുക്കുന്നുവെന്നറിഞ്ഞ് ബാലേട്ടനടക്കം എല്ലാവരും

പോയി. റോളും കിട്ടി. ഇന്ത്യാ - പാക് വിഭജനകാലത്ത് അഭയാർത്ഥിപ്രവാഹത്തിലെ ആൾക്കൂട്ടം. അതിലൊരു അഭയാർത്ഥി ബാലേട്ടനും. ഡ്രസ്സരി ഒരു കൗണ്ടറിൽക്കൊടുത്താൽ കോസ്റ്റ്യൂമും ഭക്ഷണപ്പൊതിയും പ്രതിഫലപ്പൊതിയും കിട്ടും. അങ്ങനെ കോസ്റ്റ്യൂം ധരിച്ച് അഭിനയം. ഗ്രോട്ടോവിസ്കിയെയും സ്റ്റാനിസ്ലാവ്സ്കിയെയും ധ്യാനിച്ച്, മെത്തേഡ് ആക്ടിങ്ങും നാച്വറൽ ആക്ടിങ്ങും പാകത്തിൽ ചാലിച്ചുചാർത്തി, താൻ അഭയാർത്ഥിയായ സാഹചര്യവും തനിക്കു നഷ്ടപ്പെട്ട ഉറ്റവരെയും മനസ്സിൽ കൊണ്ടുവന്ന്, എംപതിയുണ്ടാക്കി, പൊരിഞ്ഞ അഭിനയം. ഒരു ഹെലികോപ്റ്റർ പറന്നുനടന്ന് ഷോട്ടുകൾ ഒപ്പിയെടുക്കുന്നുണ്ട്. ഒടുക്കം പടം കണ്ടപ്പോഴാണ് മനസ്സിലായത്, കോപ്റ്റർ ഷോട്ടിൽ തെളിയുന്ന ഉറുമ്പിൻകൂട്ടംപോലെയുള്ള ജനസഞ്ചയത്തിന്റെ നീക്കം മാത്രമായിരുന്നു അത്.

ഏതായാലും, കാലിഫോർണിയ ഹോട്ടലിൽ ബാലേട്ടനു തന്റെ വിശ്വരൂപത്തിന്റെ മിനിയേച്ചർ പ്രദർശിപ്പിക്കാനവസരം കിട്ടി. അതൊരു വഴിയായിരുന്നു. ന്യൂ ജനറേഷൻ സിനിമയുടെ അപഥസഞ്ചാരം വഴിയിറമ്പുകളിൽ കാത്തുനിന്ന പലരെയും എന്നപോലെ ബാലേട്ടനെയും കൂടെക്കൂട്ടി. നിരൂപകനെന്ന നിലയിൽ ബാലേട്ടന്റെ മാസ്മരികപ്രകടനങ്ങൾ വന്ന *ഡേവിഡ് ആന്റ് ഗോലിയാത്ത്, കടൽ കടന്ന മാത്തുക്കുട്ടി* തുടങ്ങിയവയിലെ വേഷങ്ങളെ പ്രകീർത്തിക്കാൻ എനിക്കായതു സ്വകാര്യാനന്ദമാണ്. ഇന്നിപ്പോൾ, *മിന്നൽ മുരളിയിൽ* കൃപ പോലെ തെളിഞ്ഞ ആ മുഖം തെളിഞ്ഞുകാണുമ്പോൾ അത് അങ്ങേയറ്റത്തെ സ്വകാര്യദുഃഖവുമാകുന്നു. ഏതായാലും സിനിമാനടനെന്ന നിലയിൽ ബാലേട്ടൻ ഹിറ്റായി. മമ്മൂട്ടിക്കൊക്കെ പ്രിയനായി. ധാരാളം സിനിമകിട്ടി. അത്യാവശ്യം പണമുണ്ടാക്കാനും കഴിഞ്ഞു എന്നത് എടുത്തുപറയണം. ഞാനും അജു നാരായണനും കൂടി *സമക്ഷം* എന്നൊരു സിനിമയെടുത്തപ്പോൾ, അതിലൊരു ചെറിയ വേഷം സൗജന്യമാധുര്യത്തോടെ അഭിനയിച്ചുതരാൻ വന്നു അദ്ദേഹം. അങ്ങനെ അദ്ദേഹത്തെ എഴുതി സംവിധാനം ചെയ്യാൻ കഴിഞ്ഞുവെന്നത് അഭിമാനം.

എന്റെ *ഇന്നലെകൾക്കപ്പുറം* എന്ന തിരക്കഥയെപ്പറ്റി കെ.പി. ജയകുമാർ പറഞ്ഞാണ് ബാലേട്ടൻ അറിയുന്നത്. ഞാനും ജയ

നാംകൂടി സംവിധാനം ചെയ്യാനാഗ്രഹിച്ചതായിരുന്ന അത്. ബാലേട്ടൻ അതു വായിച്ചു. തന്റെ രണ്ടാമത്തെ സിനിമയായി അതു ചെയ്യാൻ തീരുമാനിച്ചു. തിരക്കഥാകൃത്തായ ബാലേട്ടൻ സ്വന്തം രചനയ്ക്കു പകരം എന്റെ തിരക്കഥ സംവിധാനം ചെയ്യാൻ തീരുമാനിച്ചതുതന്നെ എന്നെ സംബന്ധിച്ചിടത്തോളം മഹാകാര്യം. ബാലേട്ടൻ വിമാനംപിടിച്ചു മദ്രാസിൽപ്പോയി, ശോഭനയെക്കാണാൻ. തിരിച്ചുവന്നിട്ട് നിരാശനായി എന്നെ വിളിച്ചുപറഞ്ഞു.

- അവർക്കൊന്നും അതിലൊന്നും ഒരു താല്പര്യവുമില്ല. അതിലെ ക്യാരക്ടറിന്റെ ഡെപ്തൊന്നും അവർക്കു വിഷയമല്ല. അവരെന്നോടു പറഞ്ഞത്, ഈ പഴയ കഥയൊക്കെ മാറ്റിയിട്ട് ബാലേട്ടൻ എനിക്കായി ഒരു ന്യൂ ജനറേഷൻ സബ്ജെക്ട് കൊണ്ടുവരൂ എന്നാണ്...

ആ സിനിമയുടെ സാദ്ധ്യത അവിടെത്തീർന്നു. ബാലേട്ടൻ രണ്ടാമതൊരു സിനിമ ചെയ്തതുമില്ല. ഒരുപാടു വർഷങ്ങൾക്കുശേഷം പക്ഷേ, തിരക്കഥാരംഗത്തേക്കു തിരിച്ചുവന്നു. *കമ്മട്ടിപ്പാടത്തിന്റെ* തിരക്കഥ. അതിന് ബാലേട്ടന് അന്താരാഷ്ട്രാപുരസ്കാരം കിട്ടി. പക്ഷേ, വ്യക്തിപരമായി ആ തിരക്കഥയിൽ അദ്ദേഹം അത്രയൊന്നും ആഹ്ലാദിക്കുന്നതായിത്തോന്നിയിട്ടില്ല. അത് തന്റെ രചനയായി അദ്ദേഹം ആത്മാവിൽ അംഗീകരിച്ചിട്ടില്ലെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. പക്ഷേ, 2015 മുതൽ വീണുപോകുന്നതുവരെയുള്ള കാലം എഴുത്തിൽ സജീവമായിരുന്നു. അറുപതു കഴിഞ്ഞാലും, എത്രനാളെഴുതാതിരുന്നാലും എഴുത്തു കൈമോശംവരികില്ലെന്നും അതിന്റെ ശക്തികെടുകില്ലെന്നും ഞാൻ എന്നെത്തന്നെ ഉറപ്പിക്കുന്നത് ബാലേട്ടനെച്ചൊല്ലിയാണ്. ആ കാലത്ത് അരഡസനിൽക്കുറയാത്ത തിരക്കഥകളെഴുതിയിട്ടുണ്ട്. അതിൽ രണ്ടെണ്ണമെങ്കിലും ബാലേട്ടൻ ശക്തമായി മോഹിച്ചിരുന്നതുമാണ്. പലതിന്റെയും കഥകൾ എനിക്കറിയാം. എന്നെ ഒരു എഴുത്തുകാരനായി അംഗീകരിച്ചിരുന്നതുകൊണ്ട്, വായിച്ചുകേട്ട് അഭിപ്രായം പറയാനുള്ള ഒരാളായി എന്നെ കണക്കാക്കിയിരുന്നു. അങ്ങനെ വല്ലാതെ അദ്ദേഹം മോഹിച്ച ഒരു തിരക്കഥയുടെ പേര് *മേസ്തിരി* എന്നാണ്. ജയസൂര്യയെ നായകനാക്കി ആണതദ്ദേഹം കൺസീവ് ചെയ്തത്. അതിന്റെ കഥ ഭാഗികമായി ബാലേട്ടനു നേരിട്ടറിയാവുന്നതാണ്. ആ കഥ എന്നെ

ഫോണിൽ കേൾപ്പിച്ചു. പിന്നെ, ഒരിക്കൽ വൈക്കത്തെ വീട്ടിലേക്കു ക്ഷണിച്ച് മുഴുവൻ വായിച്ചുകേൾപ്പിച്ചു. പടം നടക്കുമെന്ന മട്ടിലാണു കാര്യങ്ങൾ പോയത്. ഫൈനൽ ഡ്രാഫ്റ്റ് വായിച്ചുകേൾക്കാൻ എന്നെ വിളിച്ചു. എനിക്കു താനൂരുനിന്ന് വൈക്കത്തേക്കു ചെല്ലാൻ ചില ബുദ്ധിമുട്ടു പറഞ്ഞപ്പോൾ, ശ്രീകാന്തിനെയും കൂട്ടി വണ്ടിയെടുത്ത് തൃശ്ശൂർക്കുവന്നു. ഞാനിവിടെനിന്നു തൃശ്ശൂരെത്തി. നിസ്സാരനായ എന്നെ തിരക്കഥ വായിച്ചുകേൾപ്പിക്കാൻ നടനും തിരക്കഥാകൃത്തും സംവിധായകനുമായ പി. ബാലചന്ദ്രൻ കാറിൽ തൃശ്ശൂർക്കു വന്നത് എനിക്ക് ജീവിതത്തിൽ കിട്ടിയ ഏറ്റവും വലിയ മതിപ്പാണ്. എന്നെ ആത്മാഭിമാനത്തോടെ വളരാൻ എന്നും എന്തെങ്കിലുമൊക്കെ നല്കിയിട്ടുണ്ട് ബാലേട്ടൻ. മരിക്കുന്നതിനുമുൻപ് എനിക്ക് ഇത്രയും വലിയൊരു മതിപ്പുകൂടി തന്നു. തിരക്കഥ വായിച്ചു. എല്ലാംകൊണ്ടും ഷുവർബെറ്റായി മാറാവുന്ന പെർഫക്ട് കൺസ്ട്രക്ഷൻ. ഞങ്ങളൊന്നിച്ച് ഊണുകഴിച്ചുപിരിഞ്ഞു.

മേസ്തിരിയെ അതുവരെ പ്രോത്സാഹിപ്പിച്ചുപോന്നിരുന്ന ജയസൂര്യ പക്ഷേ, തിരക്കഥ വായിച്ചപ്പോൾ, ഉദാസീനനായി. അതു ബാലേട്ടനെ ശരിക്കും നിരാശനാക്കി. മേസ്തിരിയിലെ കഥാപാത്രം നിത്യമദ്യപാനിയും വഴക്കാളിയുമായ ഒരു കൽപ്പണിക്കാരനായിരുന്നു. അവനെങ്ങനെ അങ്ങനെയായി എന്ന ഒരു പൂർവ്വകഥയും ആ സിനിമയിലുണ്ടായിരുന്നു. ഫാന്റസിയുടെ തലത്തിലേക്കു വീക്ഷിക്കുവാനാകുന്നതരം അതീന്ദ്രിയാനുഭവവേദ്യമായൊരു ക്ലൈമാക്സായിരുന്നു അതിന്റേത്.

അധികം വൈകാതെ, വെള്ളം എന്ന സിനിമ വന്നു. ജയസൂര്യയ്ക്ക് മികച്ച നടനുള്ള സംസ്ഥാനപുരസ്കാരം കിട്ടി.

എടക്കാട്ട് ബെറ്റാലിയനാണ് അവസാനത്തെ ബാലേട്ടൻ തിരക്കഥ. ചിത്രീകരണത്തിലേക്കു കടന്നപ്പോൾ ബാലേട്ടന്റെ ഉത്സാഹം പോയിരുന്നു. പക്ഷേ, വേറേ ഒന്നുരണ്ടു സംവിധായകന്മാർക്കും ഒരു സംവിധായികയ്ക്കും തിരക്കഥ നല്കിയിട്ടുണ്ട്. അവയിനി എന്താകുമെന്നറിയില്ല.

തലക്കെട്ടിനെപ്പറ്റിക്കൂടി പറഞ്ഞവസാനിപ്പിക്കാം. വിദ്യാർത്ഥികൾ ബാലചന്ദ്രൻ സാറിനെ ബാലേട്ടൻ എന്നു വിളിക്കുന്ന എന്നതൊരു ഫീച്ചർ വാർത്തയാണ്. എന്നാൽ, ഞാനോ എന്റെ

ബാച്ചോ എന്റെ ഇമ്മിഡിയറ്റ് ജൂനിയേഴ്സോ അങ്ങനെ വിളിച്ചിരുന്നതായി തോന്നുന്നില്ല. ഞങ്ങളെല്ലാം ബാലചന്ദ്രൻ സാർ എന്നുതന്നെയാണ് വിളിച്ചിരുന്നത്. വി.സി.ഹാരിസും ഉണ്ണിക്കൃഷ്ണനും മറ്റും ബാലേട്ടാ എന്നു വിളിച്ചിരുന്നു. വിനയചന്ദ്രൻ സാർ ബാലൻ എന്നോ ബാലേന്ദ്രൻ എന്നോ വിളിച്ചു. പക്ഷേ, പോകെപ്പോകെ, കുട്ടികളും അങ്ങനെ വിളിക്കാൻ തുടങ്ങി. അങ്ങനെ പിൽക്കാലത്ത് ഞങ്ങളും തുടങ്ങി. എനിക്കൊക്കെപ്പക്ഷേ, എന്നും കൺഫ്യൂഷനായിപ്പോയി. ചിലപ്പോൾ ബാലചന്ദ്രൻ സാറേ എന്നും ചിലപ്പോൾ ബാലേട്ടായെന്നും ഒക്കെ. ചിലപ്പോൾ സാറേട്ടായെന്നും ബാലചന്ദ്രേട്ടൻ എന്നും ബാലേട്ടൻ സാറേ എന്നുമൊക്കെയായി അതു കുളമായി. അതിന്റെ അന്തക്കരണമില്ലായ്മയാണ് ബാലചന്ദ്രൻ സാറേട്ടൻ എന്ന തലക്കെട്ട്. അപാരമായ പ്രതിഭാശക്തിയുടെ വിളയാട്ടമായിരുന്നു ബാലേട്ടൻ. കാപട്യം സഹിക്കാനാകാത്തതും എന്നിട്ടും അതു സഹിക്കേണ്ടിവന്നതുമാണ് ബാലേട്ടന്റെ വിജയം ഇത്രയും ഒതുങ്ങിപ്പോകാനിടയാക്കിയത്. സ്വന്തം അമ്മയെപ്പറ്റി ബാലേട്ടൻ ഒരു കഥ പറയാറുണ്ട്. കാലത്തെണീറ്റുവരുമ്പോൾ ശാസ്താംകോട്ടയിലെ വീട്ടിൽ അടുക്കളയിൽ അമ്മ ഇങ്ങനെ ഇരിക്കുന്നുണ്ടാകും. ദോശയായില്ലേ അമ്മേ എന്നു ചോദിച്ചാൽ, ഇത്തിരി കെറുവോടെ അമ്മ പറയുമത്രേ, ദോശയുണ്ടാക്കാൻ ഭാവിക്കയാ...

അതായത് ദോശയുണ്ടാക്കുകയോ ഉണ്ടാക്കാതിരിക്കുകയോ അല്ല, അതിനു ഭാവിക്കുകയാണ് ചെയ്യുന്നത്. അതുപോലെ, തന്റെ യഥാർത്ഥമായ പ്രതിഭാശക്തിയുടെ തിരുവിളയാടലിനു ഭാവിക്കുക മാത്രമാണ് ബാലേട്ടനും ചെയ്തത്. ശരിയായ കളി അദ്ദേഹം കളിച്ചതേയില്ല. ഈ സിനിമാപ്രേക്ഷകരൊന്നുമല്ല, ബാലേട്ടനു ചുറ്റും അടുത്തുകൂടിയവരാണതിന്റെ കുറേക്കൂടി സുന്ദരമായ മിന്നാട്ടങ്ങൾ കണ്ടിട്ടുള്ളത്. അതിൽ ഞാനും പെടും. അത്രയുമേയുള്ളൂ ഈ കുറിപ്പിൽ എന്റെ പ്രസക്തി. ശരിയായ സമയത്ത് ശരിയായ അവസരങ്ങൾ ശരിയായ ആളുകൾക്ക് കിട്ടിയാൽ മാത്രമേ അവരുടെ ശരിയായ അസ്തിത്വം ചരിത്രപരമായിത്തീരൂ. ബാലേട്ടന് ശരിയായ സമയത്ത് ശരിയായ അവസരങ്ങൾ കിട്ടിയില്ല എന്നതെങ്കിലും ചരിത്രപരമായി അടയാളപ്പെടേണ്ടതുണ്ട്. അദ്ദേഹത്തിന്റെ സംഭാവനകൾ ആർക്കൈവുചെയ്യപ്പെടേണ്ടതുണ്ട്.

അതാണ് അവശേഷിക്കുന്ന നീതി. എന്റെ അറിവിൽപ്പെട്ട അദ്ദേഹത്തിന്റെ ജീവിതമെഴുതാനായിരുന്നു ശ്രമം. എന്റെ വീട്ടു പക്കത്ത് താമസിച്ചിരുന്ന മേശിരിമാർ മുതൽ ജയസൂര്യയ്ക്കൊരുക്കിയ, നടക്കാത്ത സിനിമയിലെ മേശിരിമാർവരെ ചേർന്നുപടുക്കുന്ന ജീവിതഗോപുരമാണത് എന്നതാണ് ഇതെഴുതിത്തീരുമ്പോൾ ഞാൻ വിസ്മയത്തോടെ മനസ്സിലാക്കുന്ന കാര്യം. •